JUNE 2023
Volume 55
Issue 9

21 അഭിമാനമായി മാറാൻ 'മേക്ക് ഇൻ കേരള'

41 സർക്കാരും സംരംഭകത്വ വികസന പദ്ധതികളും

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം

VYAVASAYA KERALAM

## സംരംഭകർ അറിയേണ്ട ബിസിനസിലെ

## 6



## തമോഗർത്തങ്ങൾ

# JOBIN ENGINEERING WORKS

KUNJITHAI P.O, NORTH PARAVUR
ERNAKULAM DIST. KERALA, PIN 683522
**09446538869 | 09995704988 | 0484 2444320**
Email : jobin_engg@rediffmail.com | jobinengg90@gmail.com

MEMBER OF MULTILATERAL IAF RECOGNITION ARRANGEMENT
JAS-ANZ An ISO 9001:2008 Registered

CPRI Approved Mfrs.of IP52,IP54 Panels Bus duct and all types of LT Panels



**OUR PRODUCTS**

**MCC PANELS | PCC PANELS | ATS PANELS**
**VFD/SOFT STARTER SOLUTIONS | APFC PANELS**
**MAIN SWICHBOARD | GENERATOR PANELS**
**(AMF AND SYNCHRONIZING PANELS)**

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ജൂൺ 2023
June 2023

പുസ്തകം 55
Volume 55

ലക്കം 9
Issue 9

# ഉള്ളടക്കം










06 പ്രതീക്ഷയോടെ മുന്നേറുന്ന സാമൂഹ്യ സംരംഭകത്വ മാതൃകകൾ
ആഷിക്ക്. കെ പി

12 ജൈവ നേർവളങ്ങൾ
ഡോ. ബൈജു നെടുങ്കേരി

15 എം.എസ്.എം.ഇ ചാമ്പ്യൻസ്, സംരംഭകരുടെ സങ്കട നിവാരണത്തിന് പുതിയ വഴി
റ്റി. എസ്. ചന്ദ്രൻ

18 ഉണരുന്നു... സ്കൂൾ വിപണി
പാർവ്വതി. ആർ. നായർ

21 അഭിമാനമായി മാറാൻ 'മേക്ക് ഇൻ കേരള'
മനോജ് മാതിരപ്പള്ളി

27 സംരംഭകർ അറിയേണ്ട ബിസിനസിലെ 6 തമോഗർത്തങ്ങൾ
ഡോ. സുധീർ ബാബു

32 സ്പീഡ് വായ്പകളും പൊല്ലാപ്പുകളും
എഴുമാവിൽ രവീന്ദ്രനാഥ്

36 സൗരോർജ്ജവും സംരംഭക സാധ്യതകളും
ലോറൻസ് മാത്യു

41 സർക്കാരും സംരംഭകത്വ വികസന പദ്ധതികളും
ജി. കൃഷ്ണപിള്ള

50 വയനാട് ജനറൽ എഞ്ചിനീയറിംഗ് കൺസോർഷ്യം: നീണ്ട പത്തു വർഷത്തെ സ്വപ്ന സാക്ഷാത്ക്കാരം

# വ്യവസായ കേരളം

**ചീഫ് എഡിറ്റർ**
**ശ്രീ. എസ്. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ,
വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org
www.industry.kerala.gov.in

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
സിമിചന്ദ്രൻ വി.ആർ.,
സുചിത്ര ഭാസ്കർ,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ഷൈജ വി.എം.,
അരുൺ എസ്.,
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ചൻ



ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.




## മുഖക്കുറിപ്പ്


**ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്**

ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്


# വ്യവസായകേരളം മാറുന്നു

സ്വാതന്ത്ര്യത്തിന് മുൻപും സ്വാതന്ത്ര്യത്തിന്റെ ആദ്യഘട്ടത്തിലും കേരളത്തിന്റെ വ്യവസായ മേഖല പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ചാണ് നിലനിന്നിരുന്നത്. കയർ, കശുവണ്ടി, സുഗന്ധവ്യഞ്ജനങ്ങൾ, കൊപ്ര തുടങ്ങിയ കാർഷിക വ്യവസായങ്ങളിൽ കേരളം വളരെ മുന്നേറിയിരിക്കുന്നു. കാർഷിക ഉൽപന്നങ്ങൾ സംസ്കരിച്ച് വൻതോതിൽ വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തിരുന്നു. ഈ കാലഘട്ടത്തിൽ നിലനിന്നിരുന്ന കുറഞ്ഞ വൈദ്യുതി നിരക്കിൽ ആകർഷണീയരായി ഇടത്തരം രാസവള നിർമ്മാണ ഫാക്ടറികൾ ഉൾപെടെയുള്ള ഇതര ഇടത്തരം ഫാക്ടറികൾ കൊച്ചിയിലും പാലക്കാട്ടും പ്രവർത്തനം ആരംഭിച്ചു. 1980 കളിൽ സംഭവിച്ച ഗൾഫ്ബൂമിന്റെ ഭാഗമായി കേരളം ഉൾപെടെയുള്ള പ്രദേശങ്ങളിൽ നിന്നും വിദഗ്ദ്ധ തൊഴിലാളികൾ ഗൾഫ് രാജ്യങ്ങളിലേക്ക് കുടിയേറാൻ തുടങ്ങിയിരുന്നു. ഗൾഫിൽ നിന്നും വൻതോതിൽ പണം കേരളത്തിലേക്ക് പ്രവഹിച്ചു. ഈ പണപ്രവാഹം കൂടിയതോടു കൂടി കേരളത്തിന്റെ കൂലി വ്യവസ്ഥയിൽ വലിയ മാറ്റങ്ങൾ സംഭവിച്ചു. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഉയർന്ന കൂലി ലഭിക്കുന്ന സാഹചര്യം സൃഷ്ടിച്ചു. ഉയർന്ന കൂലി സമ്പ്രദായം കേരളത്തിലെ വ്യവസായ മേഖലയെ പ്രതികൂലമായി ബാധിച്ചു. തൊഴിലാളി സംഘടനകളുടെ ഇടപെടൽ വ്യവസായ മേഖലകളിൽ തൊഴിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. വ്യവസായ ശാലകൾ അടച്ചു പൂട്ടുന്നതിനും സംസ്ഥാനത്തിന് പുറത്തേയ്ക്ക് വ്യവസായ ശാലകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു. 1990 കളിലുണ്ടായ ആഗോള സാമ്പത്തിക പ്രതിസന്ധി കേരളത്തിലെ വ്യവസായത്തെയും പ്രതികൂലമായി ബാധിച്ചു. ഉയർന്നകൂലി സമ്പ്രദായം കേരളത്തിൽ ആധുനിക വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് അനുകൂലമല്ലെന്ന പ്രതീതി പരക്കെ സൃഷ്ടിക്കപ്പെട്ടു. ഇതെല്ലാം കേരളത്തിന്റെ വ്യവസായ വളർച്ച മുരടിക്കുന്നതിന് കാരണമായിത്തീർന്നു. ഈ സാഹചര്യത്തിലാണ് കേരളം വ്യവസായ സൗഹൃദമല്ലെന്ന പേരുദോഷമുണ്ടായത്. എന്നാൽ ഇന്ന് ഇതെല്ലാം പഴങ്കഥകളായി മാറിയിരിയ്ക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിൽ ആധുനിക ഉൽപാദന മേഖലയ്ക്ക് ക്രമാനുഗതമായ വളർച്ച കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2021-22- ൽ കേരളം 17.3% വ്യാവസായിക വളർച്ച കൈവരിച്ചിട്ടുണ്ട്.

ദേശീയ വ്യവസായ വളർച്ചയേക്കാൾ (18.16%) അല്പം മുന്നിലെത്തുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ഗ്രാമീണ മേഖലയുടെയും പിന്നോക്ക പ്രദേശങ്ങളുടെ വ്യവസായ വത്കരണത്തിന് സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭ മേഖല സഹായിക്കുന്നു. യുവാക്കൾക്കും സാമൂഹ്യ പിന്നോക്കാവസ്ഥയിലുള്ള വിഭാഗങ്ങൾക്കും എം. എസ്. എം. ഇ മേഖല തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നു. കഴിഞ്ഞ 5 വർഷത്തിനിടയിൽ കേരളത്തിലെ എം. എസ്. എം. ഇ യുടെ എണ്ണം ഇരട്ടിയായി വർദ്ധിച്ചു. എം. എസ്. എം. ഇ സംരംഭങ്ങളാണ് കേരളത്തിലെ പരിസ്ഥിതിയ്ക്ക് ഏറെ അനുയോജ്യമായിട്ടുള്ളത്. കുറഞ്ഞ മൂലധനം മുടക്കി ആരംഭിക്കുന്ന എം. എസ്. എം. ഇ സംരംഭങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുവാനും ഉയർന്ന വേതനം ഉറപ്പാക്കുവാനും സാധ്യമാകുന്നു. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് പദ്ധതികളും പരിപാടികളും കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് സഹായകരമായിട്ടുണ്ട്. ഇന്ത്യയുടെ വ്യവസായ സൗഹൃദ പട്ടികയിൽ കേരളത്തിന് ഉയർന്ന റാങ്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് തൊഴിൽ പ്രശ്നങ്ങളോ തൊഴിൽ സമരങ്ങളോ വളരെ കുറവാണ്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയതും നയപരമായ തീരുമാനങ്ങൾ നടപ്പിലാക്കിയതും കേരളത്തിന്റെ വ്യവസായ കുതിപ്പിന് സഹായിച്ചിട്ടുണ്ട്. കൂടാതെ ഇവയെല്ലാം തന്നെ വരുംവർഷങ്ങളിൽ കേരളത്തിന്റെ വ്യവസായ സൗഹൃദ സൂചിക പട്ടികയിൽ കേരളത്തിന്റെ റാങ്ക് ഉയർത്താൻ സഹായകരമാകും. സംസ്ഥാനത്തേയ്ക്ക് കൂടുതൽ നിക്ഷേപങ്ങളും സംരംഭങ്ങളെ ആകർഷിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്താൻ റാങ്കിലെ പുരോഗതി പ്രചോദനമായി മാറുന്നതാണ്. കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംരംഭക വർഷം പദ്ധതിയുടെ രണ്ടാം പതിപ്പും നടപ്പിലാക്കി കഴിഞ്ഞ ഒന്നാം പതിപ്പും കേരളത്തിന്റെ വ്യവസായ വളർച്ചയെ പ്രത്യേകിച്ച് എം. എസ്. എം. ഇ മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതാണ്. മേൽപറഞ്ഞ ഘടകങ്ങളെല്ലാം തന്നെ കേരള സമൂഹത്തിൽ സംരംഭകത്വ സംസ്കാരം പരിപോഷിപ്പിക്കുന്നതിന് സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതാണ്. സംസ്ഥാന വ്യവസായ വകുപ്പും ഇതര സർക്കാർ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികളും പദ്ധതികളും വ്യവസായ സംരംഭങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് കേരളത്തെ വ്യവസായ കുതിപ്പിലേയ്ക്ക് നയിക്കുമെന്നും ഇന്ത്യയുടെ വ്യവസായ ഭൂപടത്തിൽ അർഹമായ അടയാളപ്പെടുത്തലുകൾ വരുത്തുമെന്നും പ്രത്യാശിക്കുന്നു. ■

ഒപ്പ്
**ചീഫ് എഡിറ്റർ**



ശ്രീ. പി. രാജീവ്
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# കേരള ബ്രാന്റ്

കേരളത്തെ ലോകത്തിന് മുന്നിൽ ഒരു ബ്രാന്റ് ആയി ഉയർത്തിക്കാണിക്കുന്നതിനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ തന്നെ ഉൽപാദിപ്പിക്കുന്ന തനത് ഉൽപ്പന്നങ്ങൾക്ക് കേരള ബ്രാന്റ് സർട്ടിഫിക്കറ്റ് നൽകിക്കൊണ്ട് ഗുണമേന്മ ഉറപ്പുവരുത്തും. കേരള ബ്രാന്റ് സർട്ടിഫിക്കറ്റ് കിട്ടുന്നതിനായി നിരവധി മാന ദണ്ഡങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മികച്ച ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനൊപ്പം സംസ്ഥാന സർക്കാർ നയമായ ഉത്തരവാദിത്ത വ്യവസായം പിന്തുടരുകയും വേണം. ബാലവേല മുക്തമാകുന്നതിനൊപ്പം സ്ത്രീകൾക്ക് ജോലിയിൽ പങ്കാളിത്തം ഉറപ്പ് വരുത്തുകയും വേണം. പുനരുപയോഗ ഊർജം പോലുള്ളവയും പരിഗണിക്കുന്ന വിഷയങ്ങളാണ്. ഇനിമുതൽ കേരള ബ്രാന്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന ഉൽപ്പങ്ങൾക്ക് മാത്രമേ 'മെയ്ഡ് ഇൻ കേരള' ലോഗോ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. ട്രെയ്ഡ് മാർക്ക് നിയമം അനുസരിച്ചുള്ള ഏകീകൃത ലോഗോയും കേരള ബ്രാന്റ് ഉൽപ്പന്നങ്ങൾക്ക് സർക്കാർ ലഭ്യമാക്കും. ഇന്ത്യൻ-ലോക വിപണിയിലാകെ ഏറ്റവും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളെത്തിച്ചുകൊണ്ട് കേരള ബ്രാന്റ് വിജയകരമാക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

കേരള ബ്രാന്റിങ്ങ് സ്ഥാപിക്കുന്നതിനായുള്ള സർക്കാരിന്റെ ശ്രമങ്ങളുടെ ഉദാഹ രണമാണ് കേരള കൈത്തറി. സംസ്ഥാന സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന മികച്ച കൈത്തറി ഉത്പന്നങ്ങൾക്ക് കേരള കൈത്തറി ബ്രാന്റ് നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. സമിതിക്ക് മുൻപാകെ കേരള ബ്രാന്റ് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള അപേക്ഷ സമർപ്പിച്ചാൽ എത്രയും പെട്ടെന്ന് തീരുമാനം കൈക്കൊള്ളും. ഇങ്ങനെ ലഭിക്കുന്ന കേരള ബ്രാന്റ് സർട്ടിഫിക്കറ്റുകൾക്ക് 2 വർഷമായിരിക്കും കാലാവധി. തുടർന്ന് വീണ്ടും ഗുണമേന്മ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച ശേഷമായിരിക്കും കേരള ബ്രാന്റ് പദവി നീട്ടിനൽകണമോ എന്ന് തീരുമാനിക്കുക.

ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി വ്യവസായ സൗഹൃദ അന്തരീക്ഷമൊരുക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് വ്യവസായ വകുപ്പ് പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ, പുതിയ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം, വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള തനതുവരുമാനത്തിലെ വർധനവ് എന്നിവ മാനദണ്ഡമാക്കിയാകും പുരസ്കാരവിതരണം. പരമ്പരാഗത വ്യവസായ യൂണിറ്റുകളിൽ നിന്ന് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പ് വരുത്തുന്നതിനായി ആരംഭിക്കുന്ന ഇ കൊമേഴ്സ് പ്ലാറ്റ്ഫോം നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലാണ്. ■



# പ്രതീക്ഷയോടെ മുന്നേറുന്ന സാമൂഹ്യ സംരംഭകത്വ മാതൃകകൾ



**ആഷിക്ക്. കെ പി**

**സമൂഹത്തിന്റെ** സ്പന്ദനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവർക്കുവേണ്ടി പ്രവർത്തിക്കാനും സേവനം ചെയ്യുവാനും ആഗ്രഹിക്കുന്ന ഒട്ടേറെ ആളുകൾ നമ്മുടെ ഇടയിൽ ഉണ്ട്. സാമൂഹ്യ സേവകരായും എൻജിഒ ഭാരവാഹികളായും രാഷ്ട്രീയ പ്രവർത്തകരായും പാലിയേറ്റീവ്, ട്രോമാകെയർ പോലെയുള്ള സംഘടനകളുമായി പ്രവർത്തിക്കുന്ന ധാരാളം വ്യക്തികളെയും ഒറ്റയ്ക്കും കൂട്ടായ്മയുമായി നമുക്ക് കാണാവുന്നതാണ്.  യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ മുഴുവൻ സമയവും സമൂഹത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞു വയ്ക്കുന്നവരും കൂട്ടത്തിലുണ്ട് . ഇത്തരം ആളുകൾക്ക് സാമൂഹ്യ സേവനം അല്ലെങ്കിൽ സാമൂഹ്യ സംരംഭ പ്രവർത്തനങ്ങൾ ഒരു ജീവിത കർമ്മമാണ്. അവർ അതിന് മറ്റൊന്നും പ്രതീക്ഷിക്കുന്നില്ല.  എന്നാൽ ഇത്തരം പ്രവർത്തനങ്ങളെ സംരംഭകത്വവുമായി കൂട്ടിയിണക്കുകയും സാമൂഹ്യ സേവനങ്ങളെ വളരെ പ്രൊഫഷണൽ ആയി ചെയ്യാൻ കഴിയുകയും ചെയ്യുന്ന,  എവിടെയും ഏതു രീതിയിലും ഇടപെടാൻ

കഴിയുന്ന മേഖലയാണ് സാമൂഹ്യ സംരംഭകത്വ മേഖല. ഒരുപക്ഷേ ആധുനിക ലോകത്ത് ഏറ്റവും പ്രസക്തമായ അല്ലെങ്കിൽ പ്രാധാന്യമേറിയ ഒരു സംരംഭകത്വമേഖലയാണ് സോഷ്യൽ എന്റർപ്രണർഷിപ്പ് അഥവാ സാമൂഹ്യ സംരംഭകത്വം. സമൂഹത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാമൂഹ്യ സംരംഭകത്വത്തിനും സംരംഭകർക്കും കഴിയുന്നു. സംരംഭകത്വ തത്വങ്ങളെ സാമൂഹ്യ പ്രവർത്തനങ്ങളുമായും പാരിസ്ഥിതിക പ്രവർത്തനങ്ങളുമായും കൂട്ടിയിണക്കിക്കൊണ്ട് ആഴത്തിൽ പ്രവർത്തിക്കുന്ന മേഖലയാണ് സാമൂഹ്യ സംരംഭകത്വ മേഖല. ഇത്തരം ദീർഘവീക്ഷണവും കാഴ്ചപ്പാടുമുള്ള സാമൂഹ്യ പ്രവർത്തകർ അവർ കെട്ടിപ്പടുക്കുന്ന സംരംഭങ്ങളിലൂടെ സമൂഹത്തിൽ ഉള്ള പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളെ നൂതനമായ പ്രവർത്തനങ്ങളിലൂടെ പരിഹരിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ഇത് ഒരു ഭാഗത്ത് ധാരാളം സംരംഭകത്വ സാധ്യതകൾ തുറക്കുകയും മറുഭാഗത്ത് സാമൂഹ്യ പ്രശ്നങ്ങളെ അഭിമുഖീകരിച്ച് അവ പരിഹരിക്കുകയും ചെയ്യുന്നു. സാമൂഹ്യ സംരംഭകത്വം ഇന്ന് ലോകത്തിലെ മിക്ക രാജ്യങ്ങളിലും വളരെ പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

എന്തുകൊണ്ട് സാമൂഹ്യ സംരംഭകത്വം പ്രാധാന്യം അർഹിക്കുന്നു എന്നതിന് ഉത്തരമായി ചില കാര്യങ്ങൾ നമുക്ക് കണ്ടെത്താവുന്നതാണ്.

ഒന്നാമതായി, സാമൂഹ്യ സംരംഭകത്വം സാമൂഹ്യ പ്രശ്നങ്ങളെ അല്ലെങ്കിൽ പാരിസ്ഥിതിക-സാമ്പത്തിക പ്രശ്നങ്ങളെ അതായത് ദാരിദ്ര്യം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, ജെൻഡർ ഇക്വാലിറ്റി തുടങ്ങിയവയെയൊക്കെ അഡ്രസ്സ് ചെയ്യുന്നു എന്നതാണ്. ഈ മേഖലയിലൊക്കെ ഇപ്പോഴും ധാരാളം പ്രശ്നങ്ങൾ നമുക്ക് കാണാൻ കഴിയും. നൂതനവും വൈവിധ്യവുമാർന്ന ആശയങ്ങളും മറ്റും ഉപയോഗിച്ച് സ്ഥായിയായി പരിഹരിക്കാവുന്ന മാതൃകകൾ സൃഷ്ടിച്ചാൽ അത് വലിയ സാമൂഹിക മാറ്റത്തിലാണ് പ്രതിഫലിക്കുക, സാമൂഹിക സംരംഭകത്വത്തിന്റെ പ്രഥമ പരിഗണനയും പ്രാധാന്യവും ഇതിനു തന്നെയാണ്. സാമൂഹ്യ സംരംഭകത്വത്തിന്റെ മറ്റൊരു പ്രാധാന്യം വിപണിയിലെ വിടവ് നികത്തുക എന്നതാണ്. പരമ്പരാഗത വിപണിയിൽ ധാരാളം പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. സർഗ്ഗാത്മക പ്രവർത്തനങ്ങളിലൂടെയും കൂട്ടായ ശ്രമങ്ങളിലൂടെയും ഒരുമിച്ച് നിന്നുകൊണ്ട് അഭിമുഖീകരിക്കാനും പരിഹരിക്കാനും കഴിഞ്ഞാൽ ഉൽപാദന സേവന മേഖലകളിൽ വലിയൊരു അളവോളം സാധാരണക്കാരനും താഴേത്തട്ടിൽ ഉള്ള ആളുകൾക്കും ഉപകാരപ്രദമായ ഒന്നായി അവ മാറും.

സാമൂഹ്യ സംരംഭകത്വം സാമ്പത്തിക വളർച്ചയെയും തൊഴിൽ സൃഷ്ടിപ്പിനെയും പ്രോത്സാഹിപ്പിക്കുന്നു. കാരണം മിക്ക സാമൂഹ്യ സംരംഭങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലും ഗ്രാമീണ സാമ്പത്തിക വികസന പ്രവർത്തനങ്ങളിലും ആണ് പ്രവർത്തിക്കുന്നത്. അവിടെ പുതിയ തൊഴിലവസരങ്ങളും പരിശീലന പരിപാടികളും നൈപുണി വികസന പദ്ധതികളും നടത്തിക്കൊണ്ട് ഒരു സമൂഹത്തെ ശാക്തീകരിക്കാൻ അഥവാ സ്വാശ്രയ സമ്പന്നരാക്കാൻ സഹായിക്കുന്നു. അതുപോലെതന്നെ സാമൂഹ്യ സംരംഭകർ മറ്റുള്ളവർക്ക് മാതൃകയായി പ്രചോദനമായി സാമൂഹ്യ പ്രവർത്തനങ്ങളിൽ എങ്ങനെ ഇടപെടണമെന്നും മറ്റും കാണിച്ചു കൊടുക്കുന്നു. ഇത് വലിയ വലിയ സ്ഥാപനങ്ങൾക്കും സർക്കാരിനും നിക്ഷേപകർക്കും അവരുടെ ഉത്തരവാദിത്തങ്ങളെ തുറന്നു കാട്ടാനും ഇത്തരം സംരംഭകരുമായി ഒത്തുചേർന്നുകൊണ്ട് സാമൂഹ്യ പ്രശ്നങ്ങളെ പരിഹരിക്കാനുള്ള വലിയ മാതൃകകൾ സൃഷ്ടിക്കാനും ഇത്തരം പ്രവർത്തനങ്ങൾക്ക് പിന്തുണയേകാനും സഹായിക്കുന്നു. സാധാരണക്കാരന് നിത്യജീവിതത്തിൽ സഹായകമാകുന്ന ധാരാളം ഉൽപ്പന്നങ്ങളും സേവനങ്ങളും ഇന്നും വലിയ ചെലവുകൊണ്ടോ അല്ലെങ്കിൽ മറ്റു പല തടസ്സങ്ങൾ കൊണ്ടോ പ്രാപ്യമാകുന്നില്ല എന്നാൽ സാമൂഹ്യ സംരംഭങ്ങൾ അതിൻറെ നൂതനമായ പ്രവർത്തനങ്ങൾ സാങ്കേതിക വിദ്യകളുടെ സഹായത്തോടെയും

> **സമൂഹത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാമൂഹ്യ സംരംഭകത്വത്തിനും സംരംഭകർക്കും കഴിയുന്നു. സംരംഭകത്വ തത്വങ്ങളെ സാമൂഹ്യ പ്രവർത്തനങ്ങളുമായും പാരിസ്ഥിതിക പ്രവർത്തനങ്ങളുമായും കൂട്ടിയിണക്കിക്കൊണ്ട് ആഴത്തിൽ പ്രവർത്തിക്കുന്ന മേഖലയാണ് സാമൂഹ്യ സംരംഭകത്വ മേഖല.**




ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ ഗ്രാമീണ മേഖലയിലും കോളനികളിലും ദരിദ്ര വിഭാഗങ്ങളുടെ ഇടയിലും അവർക്ക് നിത്യജീവിതത്തിൽ ആവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും ചെറിയ ചിലവിൽ ലഭ്യമാക്കാൻ കഴിയും ഇത് നാടിന്റെ സുസ്ഥിര വികസനത്തിന് മുതൽക്കൂട്ടാവും.

ഇന്ത്യയിൽ ഇപ്പോഴും സാമൂഹ്യ സംരംഭകത്വം അത്രയേറെ പ്രചാരം സിദ്ധിച്ചിട്ടില്ല. ഇതിന്റെ കാരണങ്ങൾ പല രീതിയിലാണ് . ഒന്ന്, സാമ്പത്തിക ദൗർലഭ്യതയാണ് എന്ന് പറയാം. ഒരു സാമൂഹ്യ സംരംഭകത്വത്തിന് ചിലപ്പോൾ അതിന്റെ ലക്ഷ്യം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയണമെന്നില്ല. അങ്ങനെ വരുമ്പോൾ തുടക്കത്തിൽ ലഭിക്കുന്ന പണം കൊണ്ട് മാത്രം കൃത്യമായി ആ പ്രശ്നം പരിഹരിക്കാൻ കഴിയാതെ വരുന്നു . ഇത് സാമ്പത്തിക ദൗർലഭ്യത ഉണ്ടാവുകയും പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതെ മധ്യേ അവസാനിപ്പിക്കുകയും ചെയ്യേണ്ടിവരുന്നു. മറ്റൊരു പ്രധാനപ്പെട്ട വെല്ലുവിളി സാമൂഹ്യ സംരംഭകത്വത്തിന്റെ പ്രവർത്തന കാലയളവിൽ നേരിടുന്ന പ്രശ്നങ്ങൾ ആണ്. ഒരു കച്ചവടത്തെ പോലെ സാമൂഹ്യ സംരംഭകത്വത്തെ അളക്കാൻ ചിലപ്പോൾ കഴിയണമെന്നില്ല. കാരണം അതിൻറെ ലക്ഷ്യം വിശാലവും സങ്കീർണ്ണവും ആയിരിക്കാം. അതുകൊണ്ടുതന്നെ അതിൻറെ പ്രവർത്തനങ്ങളിൽ വരുന്ന ഏതൊരു പ്രശ്നങ്ങളും അല്ലെങ്കിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന കഴിവില്ലായ്മകളും മറ്റും അതിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് പലപ്പോഴും തടസ്സമാകും.

ഇതേ പോലെ തന്നെയാണ് അതിന്റെ സാധ്യത പഠനങ്ങളും. സാമൂഹ്യ സംരംഭങ്ങളുടെ ലാഭ സാധ്യതകൾ പരമ്പരാഗത ബിസിനസിൽ ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ ഉപയോഗിച്ചുകൊണ്ട് തിട്ടപ്പെടുത്തുക എന്ന് പറയുന്നത് എളുപ്പമല്ല. ഇതുപോലെ തന്നെയാണ് സാമൂഹ്യ സംരംഭകത്വത്തിന് ഉള്ള സ്വീകാര്യതയും നിയമ നൂലാമാലകളും മറ്റും. ഇത്തരം ധാരാളം വെല്ലുവിളികൾ നിലനിൽക്കുന്നുണ്ടെങ്കിലും ഇന്ത്യയെ പോലുള്ള ഒരു രാജ്യത്തിന് സാമൂഹ്യ സംരംഭകത്വം വലിയ അവസരങ്ങൾ ഉണ്ടാക്കുന്നുണ്ട് എന്നതാണ് വസ്തുത. ഉദാഹരണത്തിന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികത്വമാണ് നമ്മുടെ നാട്ടിലുള്ളത്. ഇത്തരം സാങ്കേതിക വളർച്ച സാമൂഹ്യ സംരംഭകത്വത്തിന് സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാൻ വലിയ അളവോളം അവസരങ്ങൾ ഉണ്ടാക്കുന്നുണ്ട്. വിവരശേഖരണത്തിനും സമൂഹത്തിൽ ഉണ്ടാകുന്ന ദുരിതങ്ങൾ, രോഗങ്ങൾ, കാലാവസ്ഥ പ്രശ്നങ്ങൾ എന്നിവയൊക്കെ കൃത്യമായി മനസ്സിലാക്കാനും അഭിമുഖീകരിക്കാനും അടയാളപ്പെടുത്താനും അറിയിക്കാനും സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള സാമൂഹ്യ സംരംഭങ്ങൾക്ക് വലിയ തോതിൽ അവസരങ്ങൾ ഉണ്ടാക്കുന്നു. ഡാറ്റ

അനലിറ്റിക്സ് സമാന സാങ്കേതികതകളിലും മറ്റും ഊന്നി നിൽക്കുന്ന സാമൂഹ്യ സംരംഭകത്വത്തിന് വലിയ അളവോളം പ്രാധാന്യം ഉണ്ട്. പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ അവസരങ്ങളിൽ ഒക്കെ ഇവയുടെ പ്രാധാന്യം നമുക്ക് ഏറെ അറിയുന്നതാണ്. ബ്ലോക്ക് ചെയ്ൻ ടെക്നോളജി, നിർമ്മിത ബുദ്ധി, ഇൻറർനെറ്റ് ഓഫ് തിങ്ങ്സ് തുടങ്ങിയ സാങ്കേതിക വിദ്യകൾ സാമൂഹിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും പ്രശ്നം പരിഹാരത്തിനും വലിയ സാധ്യതകൾ തുറന്നിടുന്നുണ്ട്.

സാമൂഹ്യ സംരംഭകത്വത്തിന് മറ്റൊരു വലിയ സാധ്യതയാണ് കൂട്ടായ്മയിലൂടെ അതിൻറെ പ്രവർത്തനം ഏറെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നു എന്നത് . കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനം പാലിയേറ്റീവ് കെയർ മേഖലകൾ തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. പങ്കാളിത്ത മനോഭാവത്തിലും ഒറ്റയ്ക്കും ഒരുമിച്ചും ചെയ്യാൻ കഴിയുന്ന പല സാമൂഹ്യ സേവന പ്രവർത്തനങ്ങളും സാമൂഹ്യ സംരംഭങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. സർക്കാരിനെ അതിന്റെ നയങ്ങളിൽ പൂർത്തീകരിക്കാൻ ഇവ ഏറെ സഹായിക്കുന്നു. സർക്കാർ പ്രവർത്തനങ്ങളിൽ തന്നെ ഇടപെട്ടുകൊണ്ട് പ്രവർത്തിക്കാവുന്ന ധാരാളം മേഖലകൾ സാമൂഹ്യ സംരംഭങ്ങളിൽ ഉണ്ട്. പ്രത്യേകിച്ച് മാലിന്യ നിർമാർജനം, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സാമൂഹ്യ നവീകരണം, ടൂറിസം ജല സംരക്ഷണം വനസംരക്ഷണം വനിതാ സംരംഭകത്വം പരിശീലനം പരിപാടികൾ ആദിവാസി ഗോത്ര തൊഴിൽ നൈപുണി പരിശീലന പരിപാടികൾ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ഉന്നമന പ്രവർത്തനങ്ങൾ എന്നിവയിലൊക്കെ വലിയ അവസരങ്ങളാണ് സാമൂഹ്യ സംരംഭങ്ങൾക്ക് ഉള്ളത്.

ഇന്ത്യയിൽ തന്നെ വിജയിച്ച ധാരാളം ശ്രദ്ധേയമായ സംരംഭകർ സാമൂഹ്യ മേഖലയിൽ ഉണ്ട് .

1995 ൽ ആരംഭിച്ച് ഇന്നും പ്രശസ്തമായി മുന്നേറുന്ന സെൽകോ ഇന്ത്യയുടെ സ്ഥാപകനായ ഹരീഷ് ഹാൻഡേ സുസ്ഥിര ഊർജ്ജ പ്രവർത്തനങ്ങളുമായി ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു സംരംഭകനാണ്. വൈദ്യുതി ലഭിക്കാത്ത ഗ്രാമങ്ങളിൽ കോളനികളിലും ഇദ്ദേഹത്തിൻറെ സാമൂഹ്യ സംരംഭകത്വത്തിലൂടെ സെൽ കോ ഇന്ത്യ എന്ന സ്ഥാപനം വഴി 7 ലക്ഷം വീടുകളിൽ സൗരോർജ്ജ പ്ലാൻറ് സ്ഥാപിച്ചിട്ടുണ്ട്. കോളനികളിലും ഗ്രാമീണ മേഖലകളിലും വൈദ്യുതി എത്തിക്കാനും സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്തുവാനും സെൽകോ ഇന്ത്യ എന്ന സാമൂഹ്യ സംരംഭത്തിന് കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യ സംരംഭകത്വസ്ഥാപനത്തിന്റെ ഉടമയായ അനുഷ് ഗുപ്ത ഒരേസമയം ദാരിദ്ര്യ നിർമാർജത്തെയും മാലിന്യനിർമാർജനത്തെയും ലക്ഷ്യമാക്കി കൊണ്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കൊണ്ടിരിക്കുന്ന ശ്രദ്ധേയനായ സംരംഭകരാണ്. അനുഷ് ഗുപ്തയുടെ ഗൂഞ്ച് എന്ന സാമൂഹ്യ സംരംഭകത്വം നഗര മേഖലകളിൽ നിന്ന് ഉപയോഗശൂന്യമായ സാധനങ്ങൾ ശേഖരിച്ച് അവ പുനരുൽപാദനം നടത്തി ഗ്രാമീണ മേഖലകളിലും പിന്നോക്കം നിൽക്കുന്ന ഇടങ്ങളിലും വിതരണം ചെയ്തു സുസ്ഥിരമായ വികസനം സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഏറെ ശ്രദ്ധേയമായ സാമൂഹ്യ സംരംഭകത്വ മാതൃകയാണ് ഇത്. നഗരമേഖലകളിൽ മാലിന്യനിർമാർജനം നടത്തുകയും ഗ്രാമീണ മേഖലയിൽ വസ്ത്രം മറ്റു ഉൽപ്പന്നങ്ങൾ എന്നിവ ചെറിയ വിലയിൽ വിതരണം ചെയ്യാനും സഹായിക്കുന്നു.

നീലം ചിബറുടെ ഇൻഡസ്ട്രി ഫൗണ്ടേഷൻ ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു വലിയ സാമൂഹ്യ സംരംഭമാണ്. ഗ്രാമപ്രദേശങ്ങളിൽ ഉള്ള സ്ത്രീകളുടെ ശാക്തീകരണത്തിന് വേണ്ടി അവരുടെ നൈപുണികൾ വികസിപ്പിച്ചെടുത്ത് പരമ്പരാഗതമായ കരകൗശല വസ്തുക്കൾ നിർമ്മിക്കാൻ പരിശീലിപ്പിച്ച് അവ നിർമ്മിച്ച് അതിന്റെ വിപണി കണ്ടെത്തി അത് വിറ്റഴിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്. ഈ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപ്രദേശങ്ങളിലെ

**ഗ്രാമപ്രദേശങ്ങളിൽ ഉള്ള സ്ത്രീകളുടെ ശാക്തീകരണത്തിന് വേണ്ടി അവരുടെ നൈപുണികൾ വികസിപ്പിച്ചെടുത്ത് പരമ്പരാഗതമായ കരകൗശല വസ്തുക്കൾ നിർമ്മിക്കാൻ പരിശീലിപ്പിച്ച് അവ നിർമ്മിച്ച് അതിന്റെ വിപണി കണ്ടെത്തി അത് വിറ്റഴിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്.**



സ്ത്രീകൾ ഉത്പാദിപ്പിക്കുന്ന കരകൗശല വസ്തുക്കൾക്ക് വ്യത്യസ്തമായ ബ്രാൻഡുകൾ ന ൽകിക്കൊണ്ട് വിപണി കീഴടക്കാൻ സഹായിക്കുന്നു. താരു നാച്ചുറൽസ് ഉടമയായ രുചി ജയ ചെറുകിട കർഷകരുടെ ഇടയിൽ പ്രവർത്തിച്ചു അവർക്ക് എങ്ങനെ കാർഷിക പ്രവർത്തനങ്ങൾ വൈവിധ്യപൂർണവും മാർക്കറ്റിന് ഉതകുന്ന രീതിയിൽ ആക്കി മാറ്റിക്കൊണ്ട് മുന്നേറാം എന്ന് കാണിച്ചു കൊടുക്കുന്ന സംരംഭകത്വ പ്രവർത്തനങ്ങൾ ആണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഗ്രാമീണ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി സാധ്യതകൾ ലഭിക്കുന്ന തരത്തിൽ അവരെ സഹായിക്കുന്ന സാമൂഹ്യ സംരംഭകയാണ് ഇവർ ആം ആദ്മി പാർട്ടി നേതാവും ഡൽഹി മുഖ്യമന്ത്രിയുമായ അരവിന്ദ് കെജരിവാളിന്റെ പരിവർത്തനം എന്ന സംഘടന ആദ്യകാലങ്ങളിൽ സുതാര്യത അഴിമതി നിർമാർജനം എന്നിവ പൊതു സേവന ഭരണ രംഗങ്ങളിൽ ഉറപ്പുവരുത്താൻ നിയുക്തമായ ഒരു സാമൂഹ്യ സംരംഭമായിരുന്നു. ഇത് ഒരു രാഷ്ട്രീയ പാർട്ടിയായി പിന്നീട് മാറുന്ന കാഴ്ചയാണ് നാം കണ്ടത്. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയിലെ മികച്ച സാമൂഹ്യ സംരംഭകർ ഒക്കെ നൂതനമായ രീതിയിലുള്ള പ്ര



വർത്തനങ്ങളും ആശയ രൂപീകരണവും നടത്തി സാമൂഹ്യ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ടിരിക്കുന്നു. അത്തരം ആളുകൾക്ക് മാതൃകയായ പ്രവർത്തനങ്ങൾ നടത്തിയ ഒട്ടേറെ മഹാരഥന്മാരെ കുറിച്ച് നമുക്ക് ഏറെ അറിയാം. ധവള വിപ്ലവത്തിൻറെ പിതാവ് എന്നറിയപ്പെടുന്ന ഡോക്ടർ വർഗീസ് കുര്യൻ ഗുജറാത്തിൽ ആരംഭിച്ച അമൂൽ സഹകരണ മാതൃക സാമൂഹ്യ സംരംഭകത്വത്തിന് ഒരു വലിയ ഉദാഹരണമാണ്. കേരളത്തിലെ കുടുംബശ്രീ സാമൂഹ്യ സംരംഭകത്വത്തിലൂടെ ഇന്ന് മാലിന്യനിർമാർജനം, ഉൽപാദനം, മറ്റു സേവന പ്രവർത്തനങ്ങൾ, സാമ്പത്തിക പ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ എന്നുവേണ്ട മിക്ക മേഖലകളിലും പ്രവർത്തിച്ചുകൊണ്ട് സ്ത്രീ ശാക്തീകരണത്തിന് ലോകത്തിൽ തന്നെ ഉത്തമമായ മാതൃകകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. തമിഴ്നാട്ടുകാരിയായ അരുണാചലം മുരുകനാഥൻ കേരളത്തിൽ ആരംഭിച്ച ജയശ്രീ ഇൻഡസ്ട്രീസ് എന്ന സാമൂഹ്യ സംരംഭകത്വം ചെറിയ ചിലവിൽ സാനിറ്ററി പാഡ് നിർമ്മിക്കുന്ന ഉപകരണങ്ങൾ ഉണ്ടാക്കി വലിയ അളവിൽ സാനിറ്ററി പാഡുകൾ വിതരണം ചെയ്തു സാമൂഹ്യ പ്രവർത്തനങ്ങളിൽ മുന്നിട്ടു നിൽക്കുന്ന വനിതയാണ്.

സാമൂഹ്യ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സാമൂഹ്യ സംരംഭകത്വ മേഖലകളിൽ നവീനമായ മാതൃകകൾ സൃഷ്ടിക്കുന്നവർക്കും സാമൂഹ്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവർക്കും വിവിധ സ്കീമുകളിലൂടെ ധാരാളം സാമ്പത്തിക സേവനങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. നാഷണൽ റൂറൽ ലൈവിലി ഹുഡ് മിഷൻ, എം എസ് എം ഇ സ്കീമുകൾ , ഇന്നവേഷൻ മിഷൻ, ക്രൗഡ് ഫണ്ട് സ്കീമുകൾ തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. 2013ൽ സർക്കാർ തുടങ്ങിവച്ച നിർബ്ബന്ധിത കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ മേഖലകളിൽ ഇടപെടാനും അവ പരിഹരിക്കുവാനും ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുവാൻ വൻകിട കോർപ്പറേറ്റുകളെ പ്രേരിപ്പിക്കുന്നു. ഇത് ഒന്നുകിൽ നേരിട്ടോ അല്ലെങ്കിൽ സാമൂഹ്യ സംരംഭകർ വഴിയോ അവർക്ക് ചെയ്യാൻ കഴിയുന്നതാണ്.

ഇങ്ങനെ കേന്ദ്രതലത്തിലും സംസ്ഥാന തലത്തിലും ധാരാളം സാമ്പത്തിക സാങ്കേതിക സഹായങ്ങൾ സാമൂഹ്യ സംരംഭകർക്ക് നൽകിക്കൊണ്ടിരിക്കുന്നു. ഒരു സമൂഹത്തിൽ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കി അവയിൽ നമുക്ക് നടപ്പിലാക്കാൻ കഴിയുന്ന ഒരു പ്രശ്നത്തെ എടുത്തു കൊണ്ട് അത് പരിഹരിക്കാനുള്ള സംരംഭം സൃഷ്ടിച്ചെടുത്ത് അത് വിജയിപ്പിക്കാൻ ശ്രമിച്ചാൽ തന്നെ സമൂഹത്തിൽ നിലനിൽക്കുന്ന മിക്ക സാമൂഹിക പ്രശ്നങ്ങളെയും ഇല്ലാതാക്കുവാൻ നമുക്ക് കഴിയും. സാമൂഹ്യ സംരംഭങ്ങളുടെ പ്രസക്തിയും അതു തന്നെയാണ്. ഗവൺമെന്റിന് തനിച്ചോ ഒരു കൂട്ടം സംരംഭകർക്ക് മാത്രമോ ചെയ്യാവുന്ന പ്രവർത്തനങ്ങൾ അല്ല അത്. സുസ്ഥിര വികസനം സാധ്യമാവണമെങ്കിൽ നമ്മുടെ പരിസരം അതിനുതകുന്ന രീതിയിൽ വികസിക്കേണ്ടതുണ്ട്. സാധാരണക്കാരന് ഉപകരിക്കാവുന്ന സാമൂഹ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. ഇതൊക്കെ പ്രൊഫഷണൽ ആയും കൂട്ടായും ചെയ്യുവാൻ സാമൂഹ്യ സംരംഭകത്വം എന്ന മഹത്തായ ആശയം ഇനിയും ഏറെ മുന്നേറേണ്ടതുണ്ട്. ■



# ജൈവ നേർവളങ്ങൾ




ഡോ. ബൈജു നെടുങ്കേരി

## ചാണകവും ആട്ടിൻ കാഷ്ടവും ഉണക്കി വില്ക്കാം

കേരളത്തിൽ സംരംഭകത്വ വികസനം ലഭ്യമിട്ടുള്ള തീവ്രയത്ന പ്രവർത്തനങ്ങൾ രണ്ടാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. നല്ല ജീവിതം കെട്ടിപ്പടുക്കാൻ അവസരം ഉള്ള ഗൗരവമുള്ള ഒരു മേഖലയായി സംരംഭകത്വത്തെ മലയാളികൾ സ്വീകരിച്ച് തുടങ്ങി. ഉല്പാദന സേവന മേഖലകളിൽ പാരാശ്രയത്വമുള്ള നമ്മുടെ സംസ്ഥാനത്ത് നിരവധി അവസരങ്ങൾ ഉണ്ടെന്നും നാം തിരിച്ചറിയുന്ന കാലം കൂടിയാണിത്. സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും ഏറ്റെടുത്ത വലിയ ദൗത്യത്തിന് സമൂഹത്തിന്റെ എല്ലാ മേഖലകളിൽ നിന്നും വലിയ സ്വീകാര്യത ലഭിച്ചു. വിവിധ വകുപ്പുകളും സഹായ സംഘടനകളും സർവീസ് സംഘടനകളും അടക്കം വലിയ പിന്തുണ നൽകി. ഭാവി കേരളത്തിന് തൊഴിലും വരുമാനവും  ഉറപ്പ് വരുത്തുന്ന സംരംഭകത്വ വികസന ദൗത്യം സമ്പൂർണ്ണ വിജയമാക്കേണ്ടത് കാലഘട്ടത്തിന്റെ







ആവശ്യകത കൂടിയാണ്. ചാണകവും ആട്ടിൻ കാഷ്ഠവും യന്ത്ര സഹായത്തോടെ ഉണക്കി പൊടിച്ച് പായ്ക്ക് ചെയ്ത് വിപണിയിലെത്തിക്കുന്നത് മികച്ചൊരു സംരംഭക മാതൃകയാണ്.

## തനത് വളങ്ങൾ

നമ്മുടെ നാട്ടിലെ ക്ഷീര കർഷകർ നേരിടുന്ന വെല്ലുവിളികളിൽ ഒന്നാണ് ചാണകത്തിന്റെ സൂക്ഷിപ്പും വിപണനവും. വിപണിയിൽ ആവശ്യക്കാരും നല്ല വിലയുമുണ്ടെങ്കിലും അതിന്റെ സാമ്പത്തിക നേട്ടം പലപ്പോഴും കർഷകർക്ക് ലഭിക്കുന്നില്ല. കൃത്യമായി സംസ്കരിച്ച് വിപണിയിലെത്തിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് പ്രധാന പ്രശ്നം. ജൈവ കൃഷിയിലേക്കുള്ള മാറ്റം പുരയിട കൃഷിയിലും വീട്ടുവളപ്പിലെ കൃഷിയിലും മട്ടുപ്പാവ് കൃഷിയിലും എല്ലാം വേഗത്തിൽ നടന്ന് കൊണ്ടിരിക്കുകയാണ്. ഉണക്കി പൊടിച്ച ചാണകം, ആട്ടിൻ കാഷ്ഠം, ചാണക പാൽ, കോഴി കാഷ്ഠം തുടങ്ങിയ തനത് നേർവളങ്ങൾക്ക് വിപണി വർദ്ധിച്ച് വരുകയാണ്. ഇപ്പോൾ പച്ച ചാണകവും ആട്ടിൻ കാഷ്ഠവും എല്ലാം ജലാംശം വറ്റിച്ചെടുക്കുന്നതിനും പൊടിച്ച് എടുക്കുന്നതിനുമെല്ലാം ചിലവ് കുറഞ്ഞ യന്ത്രങ്ങൾ ലഭ്യമാണ്. ടി യന്ത്രങ്ങൾ വാങ്ങി വെച്ച് ആരംഭിക്കാൻ കഴിയുന്ന സംരംഭമാണ് ജൈവ നേർവളങ്ങളുടെ നിർമ്മാണം. ആവശ്യമായ അസംസ്കൃത വസ്തുക്കൾ ചുറ്റുവട്ടത്തുള്ള കർഷകരിൽ നിന്ന് ശേഖരിക്കാം. ചെറിയ പായ്ക്കുകളും വലിയ പായ്ക്കുകളും ആയി വള വില്പന കേന്ദ്രങ്ങൾ മുതൽ ഹൈപ്പർ മാർക്കറ്റുകൾ വരെ വിൽക്കാം.

“

**നമ്മുടെ നാട്ടിലെ ക്ഷീര കർഷകർ നേരിടുന്ന വെല്ലുവിളികളിൽ ഒന്നാണ് ചാണകത്തിന്റെ സൂക്ഷിപ്പും വിപണനവും. വിപണിയിൽ ആവശ്യക്കാരും നല്ല വിലയുമുണ്ടെങ്കിലും അതിന്റെ സാമ്പത്തിക നേട്ടം പലപ്പോഴും കർഷകർക്ക് ലഭിക്കുന്നില്ല.**

## നിർമ്മാണരീതി

പച്ച ചാണകം ഡ്രയിങ് യന്ത്രത്തിലൂടെ കടത്തിവിടും. യന്ത്രത്തിൽ വച്ച് ചാണകത്തിൽ നിന്നുള്ള ജലാംശം പുറത്തേക്കെടുക്കും. ടി ജലാംശം വീപ്പയിൽ ശേഖരിക്കും. പുറത്തേക്കെത്തുന്ന ചാണകത്തിൽ 20% ൽ താഴെയാണ് ജലാംശം ഉണ്ടാവുക. ജലാംശം നീക്കം ചെയ്ത് ചാണകം തണലത്ത് രണ്ട് ദിവസം ഉണക്കിയാൽ പൊടിക്കാൻ കഴിയുന്ന പരുവത്തിലാകും. തുടർന്ന് ചാണകവും ആട്ടിൻകാഷ്ഠവുമൊക്കെ പൊടിക്കാൻ പ്രത്യേകം തയാറാക്കിയ പൾവറൈസറിൽ പൊടിച്ചെടുക്കും. തുടർന്ന് 1 kg, 2kg, 5kg പായ്ക്കുകളിലാക്കാം. ചാണകപ്പാൽ 1kg, 5kg ബോട്ടിലുകളിലുമാക്കി വിപണിയിൽ എത്തിക്കാം.

## മൂലധന നിക്ഷേപം

| | | |
|---|---|---|
| ഡീ വാട്ടറിംഗ് യന്ത്രം | - | 2,30,000.00 |
| FLSR പൾവറൈസർ | - | 1,20,000.00 |
| പായ്ക്കിംഗ് & സീലിംഗ് | - | 30,000.00 |
| ആകെ | - | 3,80,000.00 |

## തണൽ ബയോ ഫാർമസി

കോട്ടയം ജില്ലയിലെ വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന അംഗങ്ങളുടെ നേതൃത്വത്തിൽ തനത് ജൈവവളങ്ങൾ നിർമ്മിക്കുന്ന സ്ഥാപനം പ്രവർത്തിച്ച് വരുന്നു. 5 പേർ ചേർന്നാണ് യൂണിറ്റ് ആരംഭിച്ചിരിക്കുന്നത്. പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് വളങ്ങളുടെ നിർമ്മാണം. പ്രാദേശിക വിപണിയോടൊപ്പം പുറം വിപണിയും ലക്ഷ്യം വച്ചാണ് സംരംഭം പ്രവർത്തിക്കുന്നത്. കോട്ടയം ജില്ലാപഞ്ചായത്ത് നൽകിയ സബ്സിഡിയും വായ്പയും പ്രയോജനപ്പെടുത്തിയാണ് യൂണിറ്റ് ആരംഭിച്ചിട്ടുള്ളത് . പഞ്ചായത്ത് ഭരണസമിതിയും പൂർണ്ണ പിന്തുണ നൽകി വരുന്നു.

## യന്ത്രങ്ങൾ – പരിശീലനം

പ്രത്യേകം രൂപകല്പന ചെയ്തിട്ടുള്ള യന്ത്രങ്ങളും പരിശീലനവും പിറവം അഗ്രോപാർക്കിൽ ലഭിക്കും. 0485 –2999990

## ലൈസൻസ് സബ്സിഡി

തനത് ജൈവവളം ആയതിനാൽ വലിയ ലൈസൻസുകൾ ആവശ്യമില്ല. ഉദ്യം രജിസ്ട്രേഷൻ, പായ്ക്കിംഗ് ലൈസൻസ്, ജി.എസ്.ടി. എന്നിവ നേടി വ്യവസായം ആരംഭിക്കാം. മൂലധന നിക്ഷേപത്തിന് ആനുപാതികമായി സബ്സിഡി ലഭിക്കും. ■


GOLDEN BEE FARM

BEE KEEPING, TRAINING CENTRE & BEE NURSERY



ശുദ്ധമായ തേനും തേനീച്ച കോളനിയും വിൽപനയും
തേനീച്ച വളർത്തൽ രംഗത്ത് 40 വർഷമായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന്റെയും
(Government of Kerala) ഖാദി ബോർഡിന്റെയും അംഗീകൃത സ്ഥാപനം

തേൻ, തേനീച്ച, തേനീച്ച പൊടി, ചെറുതേൻ, ചെറുതേനീച്ചപ്പെട്ടി, തേൻ മെഴുക്, തേനീച്ച വളർത്തലിന് ആവശ്യമായ ഉപകരണങ്ങൾ, തേനീച്ച വളർത്തൽ പരിശീലന ക്ലാസുകൾ എന്നിവയ്ക്ക് സമീപിക്കുക.

**തേൻ കൊറിയർ സർവീസ് ലഭ്യമാണ്**

**തേൻ ഹോൾസെയിൽ & റീട്ടെയിൽ**
ഗോൾഡൻ ബീ ഫാം, പാലാ- 686651
ഉള്ളനാട്. പി. ഒ, കോട്ടയം ജില്ല

**ഫോൺ: 9447506668**




# എം.എസ്.എം.ഇ ചാമ്പ്യൻസ്,

## സംരംഭകരുടെ സങ്കട നിവാരണത്തിന് പുതിയ വഴി



റ്റി. എസ്. ചന്ദ്രൻ

ഗോതമ്പ് തവിടുകൊണ്ട് പ്ലേറ്റ് നിർമ്മിച്ച് ദേശീയ ശ്രദ്ധ നേടിയ വിനയ് ബാലകൃഷ്ണൻ എന്ന സംരംഭകനുമായി സംസാരിച്ചപ്പോഴാണ് 'MSME Champions' എന്ന പോർട്ടൽ അദ്ദേഹത്തിന് എങ്ങനെ പ്രയോജനപ്പെട്ടു എന്നു മനസ്സിലാകുന്നത്. തന്റെ സംരംഭത്തിന് വായ്പ നിഷേധിക്കുന്ന സാഹചര്യമുണ്ടായപ്പോൾ ഈ പോർട്ടൽ വഴിയാണ് പരാതി നൽകിയത്. ഉടൻ നടപടി ഉണ്ടായി. വായ്പ ലഭ്യമായി. സ്ഥാപനം യാഥാർത്ഥ്യമായി. എം. എസ്. എം. ഇ ചാമ്പ്യൻസ് എന്ന പോർട്ടൽ സംരംഭകരുടെ സങ്കട നിവാരണത്തിനും മറ്റ് നിരവധി ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്താവുന്ന ഒരു സർക്കാർ സംവിധാനമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേണിംഗും സംയോജിപ്പിച്ച ഒരു സാങ്കേതിക മികവ് പുലർത്തുന്ന ഏറെ ഫലപ്രദമായ ഒരു പോർട്ടലാണിത്.

**സംരംഭകരുടെ പരാതികൾ, സങ്കടങ്ങൾ എന്നിവ പരിഹരിക്കുന്നതിന് പബ്ലിക് ഗ്രീവൻസ് റിഡ്രസൽ ആന്റ് മോണിറ്ററിംഗ് സിസ്റ്റം, വ്യവസായ മന്ത്രാലയത്തിന് ലഭിക്കുന്ന വിവിധ പരാതികൾ എന്നിവയുമായി തത്സമയം പരിഹാര നടപടികൾക്ക് സജ്ജമായ ഒരു സംവിധാനമായി പ്രവർത്തിക്കുന്നു.**

"

ചാമ്പ്യൻസ് എന്നാൽ "Creation and Harmonious application of modern Processestor increasing the output and national strength". ചെറിയ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച് അവയെ വലിയ സംരംഭമാക്കി വളർത്തുക എന്നതാണ് ചാമ്പ്യൻസിന്റെ ലക്ഷ്യമെന്ന് പൊതുവെ പറയാം.

## പ്രധാന ഉദ്ദേശ്യങ്ങൾ

(1) ലൈസൻസിംഗ്, അനുമതികൾ, തൊഴിലാളികളുടെ ലഭ്യത (പ്രത്യേകിച്ച് സാങ്കേതിക വിദഗ്ധരെ) ധനസമാഹരണം തുടങ്ങിയ രംഗങ്ങളിൽ സംരംഭകരെ സഹായിക്കുക.


(2) ഉൽപാദന - സേവന മേഖലകളിൽ പുത്തൻ അവസരങ്ങൾ കണ്ടെത്തുക പരിചയപ്പെടുത്തുക.

(3) ദേശീയ - അന്തർദേശീയ തലങ്ങളിൽ വൻ വികസന സാധ്യതയുള്ള സംരംഭങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

Champions.gov.in എന്ന വെബ്സൈറ്റ് മുഖേന ഒരു കേന്ദ്ര കൺട്രോൾ റൂമും, 66 സംസ്ഥാന തല കൺട്രോൾ റൂമുകളും കോർത്തിണക്കിയിരിക്കുന്നു. കേന്ദ്രീകൃതമായ നിയന്ത്രണവും വിവര ശേഖരണ-വിതരണ ശൃംഖലയുമാണ് ചാമ്പ്യൻസിന്റെ പ്രത്യേകത.

## 5 ഇനം സേവനങ്ങൾ

5 തരം സേവനങ്ങളാണ് ഈ സംവിധാനം വഴി പൊതു സംരംഭകർക്ക് ലഭ്യമാക്കുക.



**1. വിവരങ്ങൾ പങ്കുവയ്ക്കൽ**

സർക്കാർ സഹായ പദ്ധതികൾ, സമാശ്വാസ പദ്ധതികൾ, നയരേഖകൾ, ആനുകൂല്യങ്ങളും, സൗകര്യങ്ങളും എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നു.

**2. പരാതികളും നിർദ്ദേശങ്ങളും**

സംരംഭകരുടെ പരാതികൾ, സങ്കടങ്ങൾ എന്നിവ പരിഹരിക്കുന്നതിന് പബ്ലിക് ഗ്രീവൻസ് റിഡ്രസൽ ആന്റ് മോണിറ്ററിംഗ് സിസ്റ്റം, വ്യവസായ മന്ത്രാലയത്തിന് ലഭിക്കുന്ന വിവിധ പരാതികൾ എന്നിവയുമായി തത്സമയം പരിഹാര നടപടികൾക്ക് സജ്ജമായ ഒരു സംവിധാനമായി പ്രവർത്തിക്കുന്നു.

**3. ട്രാക്കിംഗ് സംവിധാനം**

ചാമ്പ്യൻസിൽ ഉന്നയിച്ച പരാതിയുടെ തൽസ്ഥിതി വിലയിരുത്തുന്നതിനുള്ള സംവിധാനം

**4. നൂതന ആശയങ്ങൾ പങ്കുവയ്ക്കൽ**

നവീന സംരംഭ ആശയങ്ങൾ പങ്കു വയ്ക്കാനുള്ള ഒരു ഗാലറിയായി ചാമ്പ്യൻസ് പ്രവർത്തിക്കുന്നു.

**5. നിരീക്ഷണവും നടപടിക്രമങ്ങളും**

കേന്ദ്രസംവിധാനം ഉൾപ്പെടെ 67 കൺട്രോൾ റൂമുകൾ, ഓരോ ബാങ്കിന്റെയും നോഡൽ ഓഫീസർമാർ, മന്ത്രാലയ വകുപ്പു തല അധികാരികൾ, കേന്ദ്ര പൊതു മേഖലയിലെ 52 ഉദ്യോഗസ്ഥർ എന്നിവർ ചാമ്പ്യൻസിൽ ലഭിക്കുന്ന സങ്കടങ്ങളും പരാതികളും കൃത്യമായി നിരീക്ഷിച്ച് അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

**ഇതൊരു ഏകജാലക സംവിധാനമാണ്. ഉദ്യം രജിസ്ട്രേഷൻ, സ്റ്റാർട്ടപ് ആനുകൂല്യങ്ങൾ, എം. എസ്. എം. ഇ കൾക്കുള്ള വിവിധ വായ്പാ പദ്ധതികൾ, സബ്സിഡി ആനുകൂല്യങ്ങൾ, പദ്ധതികൾ, നിയമങ്ങൾ, നടപടികൾ തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ/ അപേക്ഷകർക്കുള്ള ലിങ്കുകൾ എല്ലാം ചാമ്പ്യൻസിൽ ഉൾപെടുത്തിയിരിക്കുന്നു.**

## ഏകജാലക സംവിധാനം

ഇതൊരു ഏകജാലക സംവിധാനമാണ്. ഉദ്യം രജിസ്ട്രേഷൻ, സ്റ്റാർട്ടപ് ആനുകൂല്യങ്ങൾ, എം. എസ്. എം. ഇ കൾക്കുള്ള വിവിധ വായ്പാ പദ്ധതികൾ, സബ്സിഡി ആനുകൂല്യങ്ങൾ, പദ്ധതികൾ, നിയമങ്ങൾ, നടപടികൾ തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ/ അപേക്ഷകർക്കുള്ള ലിങ്കുകൾ എല്ലാം ചാമ്പ്യൻസിൽ ഉൾപെടുത്തിയിരിക്കുന്നു. എം. എസ്. എം. ഇ കൾക്ക് ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നതിന് സാധാരണ ഉപയോഗിച്ച് വരുന്ന സമാധാൻ പോർട്ടലിലേക്കുള്ള ലിങ്കും ഈ സംവിധാനത്തിൽ ലഭിക്കുന്നു.

സാധാരണ സംരംഭകരുടെ സങ്കടങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനും, നവീന ആശയങ്ങൾ സ്വീകരിക്കാനും ഉതകുന്ന സൗജന്യ സേവനമാണ് കേന്ദ്ര എം. എസ്. എം. ഇ മന്ത്രാലയം ചാമ്പ്യൻസ് വഴി ഉറപ്പ് നൽകുന്നത്. ■

**(സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)**





# ഉണരുന്നു... സ്കൂൾ വിപണി

**പാർവ്വതി. ആർ. നായർ**

ഒരു വിദ്യാലയ വർഷം കൂടി അരികിലെത്തുകയായി. കാലവർഷം പതിയെ പെയ്തിറങ്ങുന്ന സമയം കൂടിയാണിത്. പണ്ടത്തേതിൽ നിന്നും വളരെ വ്യത്യസ്തമായി സർവത്ര പുത്തൻ മണം പ്രസരിപ്പിക്കുകയാണ് ഓരോ ഓപ്പണിങ്ങ് സീസണും. ഇല്ലായ്മയുടെ രസകരമായ കഥകളയവിറക്കുന്നവരാണ് പഴയ തലമുറ. മുമ്പേ പൊയവർ പഠിച്ച് ആദിയുമന്തവുമില്ലാതായ പുസ്തകങ്ങളും, എന്നോ ആരോ വാങ്ങിയ തുണിത്തരങ്ങൾക്കൊപ്പം കിട്ടിയ പ്ലാസ്റ്റിക് കവറും വാഴയിലയോ, ചേമ്പിലയോ കൊണ്ടുള്ള കുടയുമൊക്കെപ്പിടിച്ച് പാതി നനഞ്ഞും നനയാതെയും വിദ്യാലയങ്ങളിലണഞ്ഞ കുഞ്ഞുങ്ങളുടെ ഈറൻ കഥകൾ ഇന്നത്തെ തലമുറയ്ക്ക് ടി വി സീരിയലുകളിലെ എപ്പിസോഡുകളായി തോന്നാം. എന്നാൽ ആ കഷ്ടപ്പാടുകളെ തരണം ചെയ്ത് ജീവിതത്തിൽ ഉന്നതങ്ങളിലെത്തിച്ചേർന്ന നിരവധി പേരുണ്ട്. ചെരിപ്പും കുടയും സ്കൂൾ ബാഗുമില്ലാത്ത ഒരു കാലഘട്ടം നമുക്കിന്ന് ഗതകാലസ്മൃതികളുടെ ഭാഗം മാത്രം.

ഒരു കുട്ടിയെ സ്കൂളിലയയ്ക്കുക എന്നതൊരു നിസ്സാര കാര്യമല്ല. പുതുതായി സ്കൂളിലെത്തുന്നവർ, തുടർ പഠനം നടത്തുന്നവർ എന്നിങ്ങനെ രണ്ടായി കുട്ടികളെ ആദ്യം തരംതിരിയ്ക്കാം. വീണ്ടും ഇവയെ മൂന്നാക്കി വിഭജിയ്ക്കണം. കേരളാ, സി. ബി. എസ്. ഇ, ഐ.

സി. എസ്. ഇ സിലബസുകളിൽ പഠിയ്ക്കുന്നവർ എന്ന്. സിലബസ് വ്യത്യസ്തമെങ്കിലും മറ്റ് വഹകൾക്ക് ഏകതാനതയുണ്ട്. ബാഗും കുടയും പാദരക്ഷയും മുതൽ കട്ടറും, എറേസറും വരെ ഏതാണ്ട് ഇരുപതോളം ഉൽപന്നങ്ങളാണ് കുട്ടികൾക്കായി മെയ്, ജൂൺ മാസങ്ങളിൽ വിപണികളിലെത്തുന്നത്. ഉൽപാദകരുടെ പ്രചരണ തന്ത്രങ്ങൾ മൂലം സ്റ്റേപ്ലറും, വൈറ്റ്നറും വരെ ഇപ്പോൾ സ്റ്റുഡൻസ് ഐറ്റമായി മാറിയിരിയ്ക്കുന്നു. ഒരു കുട്ടിയ്ക്ക് ശരാശരി 5,000 രൂപയാണ് ഇന്ന് സ്കൂൾ തുറക്കലിന് പൊടിയ്ക്കേണ്ടി വരുന്നത്. സ്വകാര്യ പ്രസാധകരുടെ പുസ്തകങ്ങൾ സി. ബി. സി. ഇ യിലും, ഐ. സി. എസ്. ഇ യിലും വിതരണം ചെയ്യപ്പെടുന്നത് തീ പിടിച്ച വിലയ്ക്കു തന്നെ. കേരള സർക്കാരിന്റെയും എൻ. സി. ഇ. ആർ റ്റി യുടെയും പാഠപുസ്തകങ്ങളുടെ വിലയുടെ നാലും അഞ്ചും ഇരട്ടിയാണ് സ്വകാര്യ പ്രസാധകർ ഈടാക്കുന്നത്. ഇവയിൽ 85 ശതമാനവും ഉത്തരന്ത്യേൻ ലോബിയുടെ കുത്തകയാണ്. ഇത്തരം ടെക്സ്റ്റുകൾക്കു മാത്രം 1,100 രൂപ മുതൽ നാലായിരത്തി അഞ്ഞൂറു രൂപ വരെ രക്ഷകർത്താക്കൾ ചെലവഴിയ്ക്കുന്നു (പ്രീ സ്കൂൾ മുതൽ പ്ലസ് ടു വരെ)

4,19,128 പേർ ആണ് ഇത്തവണ റഗുലർ വിഭാഗത്തിൽ എസ്. എസ്. എൽ. സി. പഠനം കഴിഞ്ഞു പുറത്തിറങ്ങിയത്. പ്രീ സ്കൂൾ മുതൽ പത്താം ക്ലാസ് വരെ ലൈവ് ആയി അമ്പതു ലക്ഷത്തിലേറെ കുട്ടികൾ വിവിധ സിലബസുകളിലായി ഇവിടെ അദ്ധ്യയനം നടത്തുന്നു. ഏതാണ്ട് 250 കോടി രൂപയിലേറെ വിപുലമാണ് സംസ്ഥാനത്തെ സ്കൂൾ വിപണി. ഇതിൽ നമ്മുടെ സംസ്ഥാനത്തെ സംരംഭങ്ങൾ ടാപ്പ് ചെയ്യുന്നത് 30 ശതമാനത്തോളം മാത്രം. ഈ പ്രസ്താവനയെ വിഘടന വാദമെന്നൊന്നു കരുതരുത്. നമ്മുടെ സംസ്ഥാനത്തെ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രോത്സാഹനാർത്ഥം എടുക്കുന്ന സ്ഥിതിവിവരക്കണക്ക് മാത്രമാണിത്.

**കേരള സർക്കാരിന്റെയും എൻ. സി. ഇ. ആർ റ്റി യുടെയും പാഠപുസ്തകങ്ങളുടെ വിലയുടെ നാലും അഞ്ചും ഇരട്ടിയാണ് സ്വകാര്യ പ്രസാധകർ ഈടാക്കുന്നത്.**

എന്നും നല്ല വിതരണക്കാരാവാനാണ് മലയാളിയ്ക്കു താൽപര്യം. പ്ലാസ്റ്റിക് കോട്ടട് റാപ്പർ മുതൽ സിന്തറ്റിക് റബ്ബർ വരെയുള്ള വസ്തുക്കൾ വരെ സ്കൂൾ വിപണിയിലുണ്ട്. കൂടുതൽ ഫിനിഷിങ്ങ് ഉള്ളതും വർണവും സുഗന്ധവും നിറഞ്ഞതുമായ



**കൈത്തറി, ഖാദി വിപണികളെ ത്വരിതപ്പെടുത്താൻ നമ്മുടെ സ്കൂൾ വിപണികൾക്കു കഴിയണം. പ്രകൃതിയ്ക്കിണങ്ങിയവയാണ് ഈ രണ്ടുതരം തുണികളും.**

കൃത്രിമ റബ്ബറുകൾ (എറേസറുകൾ) കുഞ്ഞുങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റുമ്പോൾ സുഗന്ധ രഹിതമായ പ്ര കൃതിദത്ത റബ്ബർ വഴിമാറേണ്ടി വരുന്നു. ഇതൊരു ഉദാഹരണം മാത്രം. 12 ലക്ഷം ചെറുകിട റബ്ബർ കർഷകരുള്ള കേരളത്തിൽ സ്കൂൾ വിപണിയിൽ എത്ര പ്രകൃതിദത്ത റബ്ബർ ഉൽപന്നങ്ങൾ പുതുതായി അവതരിപ്പിച്ചു കൂടാ. പണ്ട് മഷിപ്പേനകളായിരുന്നു സർവസാധാരണം. കുട്ടികൾ മഷിക്കുപ്പിയും കരുതിയിരുന്ന കാലം നമുക്കുണ്ടായിരുന്നു. മഷി തീരുന്നവർ തുള്ളിക്കണക്കിനു മഷി കടം വാങ്ങിയിരുന്ന സൗഹൃദാന്തരീക്ഷത്തിന്റെ മധുരം നുകർന്നയാളാണ് ലേഖകൻ. അന്നുള്ള ഒരു ന്യൂനത കൈകളിൽ മഷി പടരുന്നതു മാത്രമായിരുന്നു. ഇന്ന് യൂസ് ആന്റ് ത്രോ പേന കളുടെ കാലമായി. 2600 കോടിയുടെ പേന വിപ ണിയാണ് ഇന്ത്യയിലുള്ള തെന്നോർക്കുക. പുനരുപയോഗി ക്കാവുന്നതും പ്രകൃതി സൗഹൃദവുമായ പ്രത്യേകിച്ചും റബ്ബർ അധിഷ്ഠിതമായ എഴുത്തുപകരണങ്ങളെപ്പറ്റി നമ്മുടെ ഗവേഷകരും സംരംഭകരും ഒന്നു ചിന്തിയ്ക്കട്ടെ.

ഹാർഡ് ബോർഡുകളും ബ്രൗൺ പേപ്പറുകളു മൊക്കെ പുതിയ സംരംഭങ്ങൾക്ക് വഴി തുറക്കേണ്ട തായിരിയ്ക്കുന്നു. വേസ്റ്റ് പേപ്പറുകളിൽ നിന്നു പുന ർജനിയ്ക്കുന്ന ഇത്തരം ഉൽപന്നങ്ങൾ ബുക്കുകൾക്കും പുസ്തകങ്ങൾക്കുമുള്ള കവർ സ്കൂൾ പ്രോജക്ടുകൾ ക്കുള്ള മാധ്യമങ്ങൾ വരെയാകട്ടെ. പരിസ്ഥിതി സൗഹൃദമായ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നവീന ഉൽപന്നങ്ങളുടെ ശ്രേണി കാത്തിരിയ്ക്കുക യാണ് ഉപഭോക്താക്കൾ.

കൈത്തറി, ഖാദി വിപണികളെ ത്വരിതപ്പെടു ത്താൻ നമ്മുടെ സ്കൂൾ വിപണികൾക്കു കഴിയണം. പ്രകൃതിയ്ക്കിണങ്ങിയവയാണ് ഈ രണ്ടുതരം തുണികളും. ഇവയുടെ ഉൽപാദന മേഖല ഏറെ പ്രതിസന്ധികളും നേരിടുന്നുണ്ട്. ഗ്രാമീണ മേഖലയിലെ 11,500 വനിതകളുൾപ്പെടെ പ ണിയെടുക്കുന്നതാണ് കേരളത്തിലെ ഖാദി ഗ്രാമ വ്യവസായരംഗം. 15,405 നെയ്ത്തുകാരും, അത്രയോളം സമാന തൊഴിലാളികളും കൈത്തറി മേഖലയിലുമുണ്ട്. സർക്കാർ ധനസഹായത്തിലാണ് ഇന്നും ഇവയുടെ നിലനിൽപ്. മാറി വരുന്ന ഫാഷൻ സങ്കൽങ്ങൾക്കനുസരിച്ച് ഈ പരമ്പരാഗത വ്യവസായത്തെ ആധുനികവൽക്കരിയ്ക്കുന്നു ണ്ടെങ്കിലും വൻകിട വസ്ത്ര നിർമാതാക്കളുടെ ലോബിയുമായി ഇവർക്കു മത്സരിയ്ക്കാനാവുന്നില്ല. സ്കൂൾ യൂണിഫോം ഉൾപ്പെടെയുള്ളവ പൂർണമായും കൈത്തറി, ഖാദി ഉൽപന്നങ്ങൾക്കായി സംസ്ഥാനത്തെ എല്ലാ സിലബസിലുള്ള കുട്ടികൾക്ക് നിർബന്ധമാക്കിയാൽ നമ്മുടെ പരമ്പരാഗത വസ്ത്ര നിർമാണ മേഖല പുരോഗതിയിലേയ്ക്കു കുതിക്കും. ഉത്തരേന്ത്യൻ വസ്ത്ര നിർമാതാക്കളും സ്വകാര്യ സ്കൂൾ മാനേജ്മെന്റുകളും ചേർന്ന് ഒത്തു



കളിയ്ക്കുന്നതിന്റെ ഫലമായി യൂണിഫോം തുണികൾ സ്കൂളുകളിൽ നിന്നാണ് ഏറെയും വിതരണം ചെയ്യപ്പെടുക. 100 മുതൽ 200 ഇരട്ടി വരെയാണ് രക്ഷകർത്താക്കൾക്ക് നിലവിൽ ന ൽകേണ്ടി വരുന്നത്. ഈ ചൂഷണവും അവസാ നിപ്പിയ്ക്കാൻ ഖാദി കൈത്തറി വസ്ത്രങ്ങളുടെ വിതരണത്തിലൂടെ സഹായകമാവും. കേരളത്തിന്റെ തനതു വസ്ത്രം കേരളത്തിലെ വിദ്യാലയങ്ങളെ വർണാഭമാക്കട്ടെ. നമ്മുടെ കുട്ടികളിൽ ഐക്യവും അഖണ്ഡതയും ഊട്ടി വളർത്താൻ പര്യാപ്തമാകട്ടെ. ഒപ്പം വ്യവസായ മേഖലയിലും നവചൈതന്യം പകരാൻ, പുതിയ പുതിയ ആശയങ്ങളിലൂടെ പുതിയ പുതിയ സംരംഭങ്ങൾ ഉയർന്നു വരാൻ നിമിത്ത മാകട്ടെ. ■



# അഭിമാനമായി മാറാൻ 'മേക്ക് ഇൻ കേരള'

മനോജ് മാതിരപ്പള്ളി

**ലോകത്തിന്** മുന്നിൽ വിജയകരവും അനുകരണീയവുമായ ഒട്ടേറെ മാതൃകകൾ മുന്നോട്ടുവെച്ച സംസ്ഥാനമാണ് കേരളം. കുടുംബശ്രീയും സംരംഭകവർഷവും കെ-സ്വിഫ്റ്റും ഉത്തരവാദിത്തടൂറിസവുമെല്ലാം ചില ഉദാഹരണങ്ങൾ മാത്രം. സ്ത്രീശാക്തീകരണത്തിൽ ഊന്നിയുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയെന്ന നിലയിൽ രൂപീകരിക്കപ്പെട്ട കുടുംബശ്രീയെ ഇന്ന് മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളും ഏറ്റെടുത്തുകഴിഞ്ഞു. കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ ബലപ്പെടുത്തുന്നതിൽ കുടുംബശ്രീ വഹിച്ചതും വഹിക്കുന്നതുമായ പങ്ക് സുപ്രധാനമാണ്. ഒരു ദേശത്തെ മുഴുവൻ വനിതകളെയും ഉൾപ്പെടുത്തിയുള്ള ഇത്തരമൊരു വിപുലമായ സംവിധാനം ലോകത്തൊരിടത്തുമില്ല. ഇതിനോട് സമാനമാണ് 'മേക്ക് ഇൻ കേരള'യുടെ ആശയവും നിലനിൽപ്പും.

കേരളത്തിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമാണ് 'മേക്ക് ഇൻ കേരള' എന്ന ആശയത്തിന് പിന്നിൽ. ഇത് യാഥാർഥ്യമാകുന്നതിനൊപ്പം ഒട്ടേറെ തൊഴിൽ സംരംഭങ്ങൾ രൂപംകൊള്ളുന്നു. ആനുപാതികമായ രീതിയിൽ കൂടുതൽ നിക്ഷേപവും എത്തും. മേക്ക് ഇൻ കേരളയുടെ രൂപീകരണത്തിന് മുന്നോടിയായി ഇതിന്റെ സാധ്യതകൾ സംബന്ധിച്ച് വിശദമായ പഠനവും നടത്തിയിരുന്നു. കേരളത്തിന്റെയും ഇതരസംസ്ഥാനങ്ങളുടെയും ആഭ്യന്തരഉത്പാദനവും കയറ്റുമതിയും ഇറക്കുമതിയും വ്യാപാരകമ്മിയുമെല്ലാം ഇതിൽ വിഷയമായി. അതിനുശേഷമാണ് സംസ്ഥാനവികസനത്തിന്റെ പുതുയുഗപ്പിറവിക്ക്

കാരണമായേക്കാവുന്ന മേക്ക് ഇൻ കേരളയുടെ രൂപീകരണത്തിനുള്ള തീരുമാനം.

## മേക്ക് ഇൻ കേരള

സംസ്ഥാനത്തിന്റെ ആഭ്യന്തരഉത്പാദനവും തൊഴിൽ-സംരംഭക-നിക്ഷേപ അവസരങ്ങളും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണ് മേക്ക് ഇൻ കേരള പദ്ധതി വികസിപ്പിച്ചെടുക്കുന്നത്. ഇതിന് ആവശ്യമായ പശ്ചാത്തലസൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തിയത് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസാണ്. 2021-2022 സാമ്പത്തികവർഷം കേരളത്തിലേക്ക് 1,28,000 കോടി രൂപയുടെ ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്തതായി പഠനത്തിലൂടെ കണ്ടെത്തി. ഇതിന്റെ 92 ശതമാനവും മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും ആയിരുന്നു. ഇതേ കാലയളവിൽ 74,000 കോടി രൂപയുടെ കയറ്റുമതിയാണ് കേരളത്തിൽനിന്നും നടത്തിയതെന്നും വ്യക്തമായി. ഇതിന്റെ എഴുപതുശതമാനവും ഇതര സംസ്ഥാനങ്ങളിലേക്കാണ്. എന്നുവെച്ചാൽ, 1,17,760 കോടിരൂപയുടെ ഉത്പന്നങ്ങൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇവിടേക്ക് ഇറക്കുമതി ചെയ്യുമ്പോൾ 51,800 കോടിരൂപയുടെ ഉത്പന്നങ്ങളാണ് അവിടേക്ക്

**സംസ്ഥാനത്തിന്റെ ആഭ്യന്തരഉത്പാദനവും തൊഴിൽ - സംരംഭക - നിക്ഷേപ അവസരങ്ങളും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണ് മേക്ക് ഇൻ കേരള പദ്ധതി വികസിപ്പിച്ചെടുക്കുന്നത്.**

കയറ്റുമതി ചെയ്തത്.

ഇത്തരമൊരു സാഹചര്യത്തിൽ മേക്ക് ഇൻ കേരള പദ്ധതിയുടെ പ്രസക്തി കൂടുതൽ ബോധ്യപ്പെട്ടു. മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇവിടേക്ക് ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങളിൽ ഇവിടെതന്നെ ഉത്പാദിപ്പിക്കാൻ കഴിയുന്നവ ഏതൊക്കെയാണെന്ന് കണ്ടെത്തുകയായിരുന്നു ആദ്യഘട്ടം. ഇതേതുടർന്ന് ഉത്പാദനക്ഷമത, കൂലി, ചെലവ്, ലാഭം തുടങ്ങിയവ





വിശകലനം ചെയ്ത് കേരളത്തിൽതന്നെ നിർമ്മിക്കാൻ സാധ്യതയുള്ള ഉത്പന്നങ്ങൾ ലിസ്റ്റ് ചെയ്ത് അതിന് ആവശ്യമായ പിന്തുണ നൽകാൻ നടപടി സ്വീകരിച്ചു. സംരംഭക ഗ്രൂപ്പുകളുടെയും ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുടെയുമെല്ലാം പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടായിരുന്നു പദ്ധതി രൂപീകരിച്ചത്. വ്യവസായവകുപ്പിന്റെയും ഇതരവകുപ്പുകളുടെയും വിപുലമായ സഹകരണവും മേക്ക് ഇൻ കേരള പദ്ധതിക്കുണ്ട്. സംസ്ഥാനത്ത് കാർഷിക മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന കാർഷിക സ്റ്റാർട്ടപ്പുകൾക്കും പദ്ധതിയിലൂടെ പിന്തുണ നൽകുന്നു. സംരംഭങ്ങൾക്ക് ആവശ്യമായ മൂലധനം കണ്ടെത്താൻ പലിശയിളവ് ഉൾപ്പെടെയുള്ള ധനസഹായവും ലഭിക്കുന്നുണ്ട്.

ഉത്പന്ന നിർമ്മാണത്തിലും വ്യവസായരംഗത്തും ഉണ്ടായിട്ടുള്ള ഉണർവ്വ് മേക്ക് ഇൻ കേരള പദ്ധതി നടപ്പാക്കുന്നതിനുള്ള അനുകൂലഘടകമാണ്. സമീപകാലത്ത് ഇവിടുത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തെക്കുറിച്ചുള്ള പേരുദോഷവും മാറിക്കഴിഞ്ഞു. വ്യവസായനിക്ഷേപത്തിന് അനുകൂലമായ സംസ്ഥാനങ്ങളുടെ ഗണത്തിലാണ് ഇപ്പോൾ കേരളത്തിന്റെ സ്ഥാനം. ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷന് നേടാൻ കഴിഞ്ഞിട്ടുള്ള അംഗീകാരങ്ങൾ തന്നെ ഇതിനൊരു മികച്ച ഉദാഹരണമാണ്. ഇവിടുത്തെ സ്റ്റാർട്ടപ്പുകളിലും മറ്റും നിക്ഷേപം നടത്താൻ ബഹുരാഷ്ട്ര കമ്പനികൾ ഉൾപ്പെടെയുള്ളവർ പോലും മുന്നോട്ടുവരുന്നതിന്റെ കാരണവും മറ്റൊന്നല്ല. മേക്ക് ഇൻ കേരള പദ്ധതിയിലൂടെ ഇത് കൂടുതൽ മികവാർന്നതായി മാറുകയും ചെയ്യും. മൊത്തത്തിൽ ആയിരം കോടിരൂപ അനുവദിക്കുന്ന മേക്ക് ഇൻ കേരള പദ്ധതിക്കായി ഈ വർഷം നൂറുകോടി രൂപയാണ് നീക്കിവെച്ചിരിക്കുന്നത്.

“

**ഉത്പന്ന നിർമ്മാണത്തിലും വ്യവസായ രംഗത്തും ഉണ്ടായിട്ടുള്ള ഉണർവ്വ് മേക്ക് ഇൻ കേരള പദ്ധതി നടപ്പാക്കുന്നതിനുള്ള അനുകൂലഘടകമാണ്. സമീപ കാലത്ത് ഇവിടുത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തെക്കുറിച്ചുള്ള പേരുദോഷവും മാറിക്കഴിഞ്ഞു.**

## കൊച്ചി വാട്ടർ മെട്രോ

തികച്ചും 'മേക്ക് ഇൻ കേരള' ഉത്പന്നമായി നീറ്റിലിറങ്ങിയവയാണ് കൊച്ചി വാട്ടർ മെട്രോയ്ക്കു വേണ്ടിയുള്ളതും നൂറുപേർക്ക് യാത്ര ചെയ്യാവുന്ന

തുമായ വലിയ ബോട്ടുകൾ. പൂർണ്ണമായും തദ്ദേശീയമായി നിർമ്മിച്ച പരിസ്ഥിതിസൗഹൃദ ബോട്ടുകളാണ് ഇവ. കൊച്ചിൻ ഷിപ്പ്യാർഡിൽ അലൂമിനിയം കറ്റമരൻ ഹള്ളിലായിരുന്നു നിർമ്മാണം. കായൽപ്പരപ്പിലൂടെ വേഗത്തിൽ പോകുമ്പോഴും ഓളമുണ്ടാക്കുന്നത് പരമാവധി കുറയ്ക്കുന്ന രീതിയിലുള്ള രൂപഘടനയായതിനാൽ ബോട്ടിന്റെ ചാഞ്ചാട്ടം കുറവായിരിക്കും. ബാറ്ററിയിലും ഹൈബ്രീഡ് സംവിധാനത്തിലും പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന പുതുമയും നമ്മുടെ ഈ തനത് ബോട്ടുകൾക്കുണ്ട്. ഇലക്ട്രിക് ബോട്ടുകൾക്കായുള്ള രാജ്യാന്തരപുരസ്കാരമായ 'ഗസ്റ്റിസ് ഇലക്ട്രിക് ബോട്ട് അവാർഡ്' ഇതിനകം തന്നെ ഇവയ്ക്ക് ലഭിച്ചുവെന്നതും മേക്ക് ഇൻ കേരളയ്ക്ക് അഭിമാനകരമാണ്.

മറ്റു നിരവധി സവിശേഷതകളും മേക്ക് ഇൻ കേരള വാട്ടർമെട്രോ ബോട്ടിനുണ്ട്. അമ്മമാർക്കായുള്ള ഫീഡർ റൂമുകൾ ഓരോ ബോട്ടിലും ഒരുക്കിയിരിക്കുന്നു. തികച്ചും ഭിന്നശേഷി സൗഹൃദമായിട്ടാണ് ബോട്ടുകളുടെയും ടെർമിനലുകളുടെയും രൂപകൽപ്പന. ബോട്ടുകളിലേക്ക് കയറാനും ഇറങ്ങാനും ഫ്ളോട്ടിംഗ് ജെട്ടികൾ ഉള്ളതിനാൽ വേലിയേറ്റ സമയത്തും വേലിയിറക്കസമയത്തും ബോട്ടും ജെട്ടിയും ഒരേ നിരപ്പിലായിരിക്കും. അതുകൊണ്ടു തന്നെ ഏറ്റവും സുരക്ഷിതമായി കുട്ടികൾക്കും മുതിർന്നവർക്കും ഭിന്നശേഷിക്കാർക്കുമെല്ലാം കയറിയിറങ്ങാം. ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഇത്രയും വിപുലമായൊരു ബോട്ട് ശൃംഖല ലോകത്തിൽ തന്നെ ആദ്യമായാണ്. ലിഥിയം ടൈറ്റണേറ്റ് ഓക്സൈഡ് ബാറ്ററികൾ ഉപയോഗിച്ചിരിക്കുന്നതിനാൽ പത്തോ പതിനഞ്ചോ മിനിട്ടുകൊണ്ട് അവ ചാർജ്ജ് ചെയ്യാൻ കഴിയുമെന്ന സവിശേഷതയുമുണ്ട്. മാത്രവുമല്ല, പരമ്പരാഗത ബോട്ടിനേക്കാൾ കൂടുതൽ വേഗത്തിൽ സഞ്ചരിക്കാനും ഇവയ്ക്ക് കഴിയും.

പാസഞ്ചർ കൗണ്ടിംഗ് സിസ്റ്റം ഉപയോഗിച്ചാണ് ഓരോ ബോട്ടിലേക്കും യാത്രക്കാർക്ക് പ്രവേശനം

**“**

**സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങളും സംരംഭകവർഷം പദ്ധതിയുമാണ് 'മേക്ക് ഇൻ കേരള' എന്ന വമ്പൻ പദ്ധതിയുടെ രൂപീകരണത്തിന് പ്രചോദനമായി മാറിയ മറ്റു ഘടകങ്ങൾ. സംസ്ഥാനത്ത് സംരംഭകത്വ വികസനവും ഇൻകുബേഷൻ പ്രവർത്തനങ്ങളും ലക്ഷ്യമിട്ടാണ് കേരള സ്റ്റാർട്ടപ്പ് മിഷന്റെ രൂപീകരണം.**



നൽകുന്നത്. അതുകൊണ്ടുതന്നെ അമിതമായി ആളുകൾ കയറുന്നത് നിയന്ത്രിക്കപ്പെടുകയും അപകട സാധ്യത കുറയുകയും ചെയ്യുന്നു. കുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ യാത്രക്കാർക്കും ആവശ്യമായ ലൈഫ് ജാക്കറ്റുകളും ബോട്ടിനുള്ളിൽ ക്രമീകരിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള അപകടമുണ്ടായാൽ പത്തുമിനിട്ട് കൊണ്ട് രക്ഷാപ്രവർത്തനം സാധ്യമാകുന്ന റസ്ക്യു ബോട്ടും വാട്ടർ മെട്രോയുടെ ഭാഗമാണ്. ഇതുകൂടാതെ വൈറ്റില ഹബ്ബിലെ ഓപ്പറേറ്റിംഗ് കൺട്രോൾ സെന്ററിൽ ബോട്ടിന്റെ സഞ്ചാരം നിരീക്ഷിക്കാനുള്ള സംവിധാനവും രാത്രിയാത്രയിൽ ബോട്ട് ഓപ്പറേറ്റർക്ക് സഹായകമാകുന്ന തരത്തിൽ തെർമ്മൽ ക്യാമറയും ഒരുക്കിയിരിക്കുന്നു. ബോട്ടിൽ ഘടിപ്പിച്ചിട്ടുള്ള സിസിടിവി ക്യാമറകൾ മുഖേനെ ഓപ്പറേറ്റർക്കും ഓപ്പറേഷൻ കൺട്രോൾ റൂമിനും മുഴുവൻ സമയ നിരീക്ഷണവും സാധ്യമാവുന്നുണ്ട്. ഇത്തരത്തിൽ എല്ലാം തികഞ്ഞ രീതിയിലാണ് മേക്ക് ഇൻ കേരള പദ്ധതിയിൽപ്പെടുത്തിയുള്ള വാട്ടർ മെട്രോ ബോട്ടുകളുടെ നിർമ്മാണം.

## പ്രചോദനമായ പദ്ധതികൾ

സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങളും സംരംഭക വർഷം പദ്ധതിയുമാണ് 'മേക്ക് ഇൻ കേരള' എന്ന വമ്പൻ പദ്ധതിയുടെ രൂപീകരണത്തിന് പ്രചോദനമായി മാറിയ മറ്റു ഘടകങ്ങൾ. സംസ്ഥാനത്ത് സംരംഭകത്വ വികസനവും ഇൻകുബേഷൻ പ്രവർത്തനങ്ങളും ലക്ഷ്യമിട്ടാണ് കേരള സ്റ്റാർട്ടപ്പ് മിഷന്റെ രൂപീകരണം. സാധാരണ ജോലികളിൽനിന്നും വ്യത്യസ്തമായി സ്വന്തമായൊരു സംരംഭം തുടങ്ങാൻ താൽപ്പര്യപ്പെടുന്ന യുവതലമുറ സംസ്ഥാനത്ത് സജീവമാണ്. ഇവരുടെ ആശയങ്ങൾ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ എല്ലാ തരത്തിലുള്ള പിന്തുണയും സ്റ്റാർട്ടപ്പ് മിഷൻ നൽകിവരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഹാർഡ്‌വെയർ, ഹെൽത്ത്കെയർ, ഫിൻടെക്, ബയോടെക്നോളി തുടങ്ങി വിവിധ മേഖലകളിലായി മൂവായിരത്തോളം സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിവിധ ഫണ്ടിംഗ് ഏജൻസികളിൽനിന്നായി രണ്ടായിരം കോടി രൂപയുടെയെങ്കിലും നിക്ഷേപം സമാഹരിക്കാനും ഇവയ്ക്ക് കഴിഞ്ഞിരിക്കുന്നു. ലോകത്തിലെ ഏറ്റവും മികച്ച പബ്ലിക് ബിസിനസ് ഇൻക്യുബേറ്ററായി ഈ വർഷം കേരള സ്റ്റാർട്ടപ്പ് മിഷൻ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തികവർഷം ഒരുലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിക്കപ്പെട്ട സംരംഭകവർഷം പദ്ധതിയും വൻവിജയമായിരുന്നു. നിശ്ചിത കാലയളവിൽ ലക്ഷ്യം മറികടന്ന പദ്ധതിയിലൂടെ 1,39,840 സംരംഭങ്ങളാണ് പുതിയതായി ആരംഭിച്ചത്. ഇതിലൂടെ

**കഴിഞ്ഞ സാമ്പത്തികവർഷം ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിക്കപ്പെട്ട സംരംഭകവർഷം പദ്ധതിയും വൻവിജയമായിരുന്നു. നിശ്ചിത കാലയളവിൽ ലക്ഷ്യം മറികടന്ന പദ്ധതിയിലൂടെ 1,39,840 സംരംഭങ്ങളാണ് പുതിയതായി ആരംഭിച്ചത്.**

3,00,056 പേർക്ക് തൊഴിൽ ലഭിക്കുകയും 8422 കോടി രൂപയുടെ നിക്ഷേപം എത്തുകയും ചെയ്തു. നാൽപ്പതിനായിരത്തിലധികം സ്ത്രീകളും പദ്ധതിയുടെ ഭാഗമായി സംരംഭങ്ങൾ ആരംഭിച്ചു. ഇതേതുടർന്ന്, രാജ്യത്ത് എംഎസ്എംഇ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസായി സംരംഭകവർഷം പദ്ധതി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പദ്ധതി വൻവിജയമായി മാറിയതോടെ ഇതിന്റെ തുടർച്ചയെന്ന നിലയിൽ സംരംഭകവർഷം 2.0 പദ്ധതിയും ഈ സാമ്പത്തിക വർഷം നടപ്പാക്കി വരികയാണ്. ഒരു ലക്ഷം പുതിയ സംരംഭങ്ങൾകൂടി ആരംഭിക്കുകയാണ് ഇതിന്റെയും ലക്ഷ്യം. ബോട്ടം-അപ്പ് പ്ലാനിംഗിലൂടെ ആയിരിക്കും ഇത്തവണ ജില്ലതിരിച്ച് സംരംഭങ്ങളുടെ എണ്ണം നിശ്ചയിക്കുക. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലും വായ്പാ-ലൈസൻസ്-സബ്സിഡി മേളകൾ സംഘടിപ്പിക്കുകയും ചെയ്യും.

നിലവിലെ സാഹചര്യത്തിൽ സംരംഭക വർഷത്തിലൂടെയും സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങളിലൂടെയും രൂപീകൃതമാവുന്ന സംരംഭങ്ങളിൽ പലതും മേക്ക് ഇൻ കേരള പദ്ധതിയുടെ ഭാഗമായി മാറും. കഴിഞ്ഞ സാമ്പത്തികവർഷം വരെയും മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് ഇറക്കുമതി ചെയ്തിരുന്ന ഉത്പന്നങ്ങളിൽ കഴിയുന്നിടത്തോളം ഇവിടെ തന്നെ ഉത്പാദിപ്പിക്കുകയും വരുംവർഷങ്ങളിൽ അവയുടെ ഇറക്കുമതി കുറയ്ക്കുകയുമാണ് ലക്ഷ്യം. ഇവിടെ ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് പ്രവർത്തിക്കാൻ കഴിയുന്ന സംരംഭങ്ങൾക്കായിരിക്കും പ്രാധാന്യം. കാർഷികമേഖലയിൽനിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളും സുഗന്ധവ്യഞ്ജനങ്ങളും മാംസോത്പന്നങ്ങളും പാലുത്പന്നങ്ങളുമെല്ലാം ഇതിൽ ഉൾപ്പെടും. ഇതിലൂടെ കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവും തൊഴിൽപരവുമായ വികസനം കൂടുതൽ കരുത്തുറ്റതാവുകയും ചെയ്യും. ■







Green Chillies
READY TO COOK CUT VEGETABLES




HOME DELIVERY
ALUVA, ERNAKULAM

702 544 54 74



# സംരംഭകർ അറിയേണ്ട ബിസിനസിലെ 6 തമോഗർത്തങ്ങൾ



ഡോ. സുധീർ ബാബു

**ബിസിനസിൽ** അപകടകരങ്ങളായ പല ഗർത്തങ്ങളുമുണ്ട് (Holes). അതിലേക്ക് വീണാൽ രക്ഷപ്പെട്ടു പോരുക ചിലപ്പോൾ അസാദ്ധ്യമാകും. ഇത്തരം ഗർത്തങ്ങളെ 'Black Holes' (തമോഗർത്തങ്ങൾ) എന്ന് വിളിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ബിസിനസിലെ ഇരുണ്ട ഇടങ്ങളാണിവ. സംരംഭകൻ തന്നെയാണ് ബോധപൂർവമോ അല്ലാതെയോ ബ്ലാക്ക് ഹോൾസ് ബിസിനസിൽ രൂപപ്പെടുത്തുന്നത്. താൻ രൂപം നൽകുന്ന ശക്തമായ സമ്പത്ത് വ്യവസ്ഥയാണ് തലമുറകൾ കൈമാറ്റം ചെയ്യപ്പെടേണ്ട ബിസിനസെന്നത് അതിന് ബീജാവാപം നിർവഹിക്കുന്ന ഓരോരുത്തരും ഓർത്തിരിക്കേണ്ടതാണ്.

സംരംഭത്തോടുള്ള അടങ്ങാത്ത അഭിനിവേശം, വെല്ലുവിളികളെ നേരിടാനുള്ള മനക്കരുത്ത്, വിജയത്തിനോടുള്ള ആസക്തി, ആത്മവിശ്വാസം എന്നിവയൊക്കെ സംരംഭകനെ വിജയത്തിലേക്കു നയിക്കും എന്ന് നാം വിശ്വസിക്കുന്നു. ഈ ഗുണവിശേഷങ്ങളൊ

ക്കെയുള്ള, വിജയം കൈവരിച്ചു എന്ന് നമ്മൾ വിശ്വസിക്കുന്ന പല സംരംഭകരും പിന്നീട് ചില്ലുകൊട്ടാരം പോലെ തകർന്നടിയുന്ന കാഴ്ചകളും നാം കാണുന്നുണ്ട്. വിജയം എന്നത് നിങ്ങൾ സ്വപ്നം കാണുന്ന ഒരു സ്ഥാനത്ത് എത്തപ്പെടുക മാത്രമാണോ? എന്നാൽ അവിടെ തുടരാൻ കഴിയുന്നില്ലായെങ്കിൽ പിന്നീടത് പരാജയമായി മാറുന്നു. ആഗ്രഹിക്കുന്നത് നേടുക മാത്രമല്ല അത് കൊണ്ടുനടക്കുവാനും സാധിക്കേണ്ടതുണ്ട്.

സംരംഭത്തിലേക്ക് കാലെടുത്തു വെക്കുന്ന ഒരു വ്യക്തി തന്റെ ബൈബിൾ പോലെ കൊണ്ടുനടക്കേണ്ട കാര്യങ്ങളാണ് ഇനി പറയുവാൻ പോകുന്നത്. വിജയിക്കുവാനും വിജയം നിലനിർത്തുവാനും അതിന്റെ എല്ലാ പ്രയോജനങ്ങളും തന്നെ പിന്തുടർന്നു വരുന്നവർക്ക് കൈമാറാനും സംരംഭകൻ ബിസിനസിലെ ഈ തമോഗർത്തങ്ങൾ മനസിലാക്കിയിരിക്കണം. നിസ്സാരമെന്ന് തോന്നി തള്ളിക്കളയുന്ന ചില ചെറിയ കാര്യങ്ങൾ പിന്നീട് ബിസിനസിന്റെ വേരറുക്കും. സ്വയം അച്ചടക്കം സൂക്ഷിക്കേണ്ട ഉത്തരവാദിത്തം സംരംഭകനുണ്ട്. "എന്ത് സംഭവിച്ചാലും ഇനി പറയുന്ന Black Holes എന്റെ ബിസിനസിൽ ഉണ്ടാവുകയില്ല'' എന്ന ഉറച്ച തീരുമാനം സംരംഭം തുടങ്ങുമ്പോൾ തന്നെ സംരംഭകൻ കൈക്കൊള്ളുക.

## Black Hole 1

### നിയമങ്ങൾ (Laws)

നിയമങ്ങളെ അനുസരിക്കുന്ന സംരംഭങ്ങൾ മാത്രമേ ദീർഘകാലം നിലനിൽക്കുകയുള്ളൂ.

**സംരംഭത്തിലേക്ക് കാലെടുത്തു വെക്കുന്ന ഒരു വ്യക്തി തന്റെ ബൈബിൾ പോലെ കൊണ്ടുനടക്കേണ്ട കാര്യങ്ങളാണ് ഇനി പറയുവാൻ പോകുന്നത്. വിജയിക്കുവാനും വിജയം നിലനിർത്തുവാനും അതിന്റെ എല്ലാ പ്രയോജനങ്ങളും തന്നെ പിന്തുടർന്നു വരുന്നവർക്ക് കൈമാറാനും സംരംഭകൻ ബിസിനസിലെ ഈ തമോഗർത്തങ്ങൾ മനസിലക്കിയിരിക്കണം.**

താത്കാലിക ലാഭങ്ങൾക്ക് വേണ്ടി നിയമങ്ങൾ മറികടക്കാം എന്ന മാനസികാവസ്ഥ ഒരു തമോഗർത്തമാണ് നിങ്ങൾക്കായി ഒരുക്കുന്നതെന്ന് മനസിലാക്കിയിരിക്കുക. നിങ്ങളുടെ സംരംഭം ഏത് ഗണത്തിൽപ്പെടുന്നതാണോ അതുമായി ബന്ധപ്പെട്ട നിയമങ്ങൾ അനുസരിച്ചു മാത്രമേ ബിസിനസിനെ മുന്നോട്ടു കൊണ്ടുപോകുവാൻ ശ്രമിക്കാവൂ. സംരംഭത്തിനാവശ്യമായ എല്ലാ അനുമതികളും രജിസ്ട്രേഷനുകളും ലൈസൻസുകളും സമയാസമയങ്ങളിൽ നേടിയിരിക്കണം. ഇത്തരം കാര്യങ്ങളിൽ കാണിക്കുന്ന ഉപേക്ഷ പിന്നീട് സങ്കീർണ്ണതകളിലേക്ക് നയിക്കും. ബിസിനസ് വലിയൊരു വളർച്ചക്കായി






തയ്യറെടുക്കുമ്പോഴായിരിക്കും ഇത്തരം അലംഭാവങ്ങൾ മൂലം ഉടലെടുത്ത തമോഗർത്തം നിങ്ങൾ തിരിച്ചറിയുന്നത്.

നിയമത്തെ നിസ്സാരവത്കരിച്ച് കാര്യങ്ങൾ ചെയ്ത് അവസാനം തകർന്നടിഞ്ഞുപോയ ധാരാളം സംരംഭങ്ങളുടെ കഥകൾ നമുക്കു ചുറ്റിലും കേൾക്കാം. ബിസിനസിനായി കെട്ടിടം നിർമ്മിക്കുമ്പോൾ പോലും കാണിക്കുന്ന ചെറിയൊരു ശ്രദ്ധക്കുറവ് ബിസിനസിനെ ദോഷകരമായി ബാധിക്കാം. നിയമപരമായ കാര്യങ്ങൾ ഒരിക്കലും ലാഘവത്തോടെയല്ല കൈകാര്യം ചെയ്യേണ്ടത്. നാം നടുന്ന വിത്ത് മുളച്ചു പൊന്തുമെന്നും അതൊരു വടവൃക്ഷമായി മാറുമെന്നും ഓർത്ത് വേണം ഓരോ ചുവടും മുന്നോട്ടു വെക്കുവാൻ.

ഏത് നാട്ടിലാണോ ബിസിനസ് അവിടുത്തെ നിയമങ്ങൾ അക്ഷരംപ്രതി അനുസരിക്കുക. നിയമത്തിന്റെ വഴികളിലൂടെ നടക്കുക. നിയമത്തെ കബളിപ്പിച്ചുള്ള യാത്ര ഹ്രസ്വമാണ്. ദീർഘ യാത്രകളിൽ കൂടുതൽ തയ്യാറെടുപ്പുകൾ വേണം കൂടുതൽ ശ്രദ്ധ വേണം. സംരംഭകന്റെ യാത്ര ദൈർഘ്യമുള്ളതാണ്. അവിടെ നിയമങ്ങളുടെ തമോഗർത്തം സ്വയം നിർമ്മിക്കാതിരിക്കുക. നിയമങ്ങൾ അനുസരിച്ചേ മുന്നോട്ടു പോകുകയുള്ളൂ എന്ന് തീരുമാനമെടുക്കുക.

## Black Hole 2

### കണക്കുകൾ (Accounts)

ബിസിനസിന്റെ 2 കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുക. “ഡാറ്റ”എന്തുമാത്രം വിലപിടിച്ചതാണെന്ന് നിങ്ങൾക്കറിയാം. മറ്റുള്ളവരെ ബോധ്യപ്പെടുത്താനല്ല സംരംഭകൻ കണക്കുകൾ അക്കൗണ്ട് ചെയ്യുന്നതെന്ന് മനസിലാക്കുക. ബിസിനസിന്റെ നേർരേഖാചിത്രമാണ് അവ വരച്ചിടുന്നത്. സംരംഭകന്റെ തീരുമാനങ്ങൾ ശരിയാവണമെങ്കിൽ അത് ശരിയായ ഡാറ്റയിൽ അധിഷ്ഠിതമായിരിക്കണം. ഡാറ്റ തെറ്റെങ്കിൽ തീരുമാനങ്ങൾ തെറ്റും അത് ബിസിനസിനെ പ്രതികൂലമായി ബാധിക്കും.

ഡാറ്റ അനാലിസിസ് ബിസിനസിലെ പരമപ്രധാനമായ ഒരു പ്രക്രിയയാണ്. കേവലം ലാഭ നഷ്ടങ്ങൾ അറിയുക എന്നതിലുപരി ഇന്ന് നിങ്ങൾ സൂക്ഷിക്കുന്ന ഓരോ ഡാറ്റയും ബിസിനസിന്റെ മുന്നോട്ടുള്ള പ്രയാണത്തെ പിന്തുണയ്ക്കുന്നു. നിസ്സാരമായ താത്കാലിക ലാഭങ്ങൾക്ക് വേണ്ടി കണക്കുകൾ കൃത്യമായി സൂക്ഷിക്കാതെ മുന്നോട്ടു പോകുമ്പോൾ സ്വയം കെണിയൊരുക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. നന്നായി ബിസിനസ് ചെയ്യുമ്പോഴും വെറുമൊരു അസ്ഥിപഞ്ജരം പോലെയാണ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ് തയ്യാറാക്കപ്പെടുന്നത്. ബിസിനസിനായി മൂലധനം കണ്ടെത്തുന്നതിൽ പരാജയപ്പെടുന്നതും വിൽപ്പന വർദ്ധിപ്പിക്കുവാൻ സാധിക്കാതെ വരുന്നതും ചെലവുകൾ നിയന്ത്രിക്കാൻ കഴിയാതെയാകുന്നതും ഈ തമോഗർത്തം ഉടലെടുക്കുന്നതു കൊണ്ടാണ്.

സംരംഭത്തിന്റെ തുടക്കം മുതൽ തന്നെ കൃത്യമായ അക്കൗണ്ട്സ് സൂക്ഷിക്കുക. ബിസിനസിലെ ഓരോ ഡാറ്റയും രേഖപ്പെടുത്തുക. കണക്കുകൾ വിശകലനം ചെയ്യുകയും അവയുടെ പിൻബലത്തിൽ മാത്രം തീരുമാനങ്ങൾ എടുക്കുകയും ചെയ്യുക.



## Black Hole 3

### നികുതികൾ (Taxes)

ഏതൊക്കെ നികുതികളാണോ നിങ്ങളുടെ ബിസിനസിന് ബാധകം അത് മുഴുവൻ കൃത്യമായി അടക്കുക. അതുമായി ബന്ധപ്പെട്ട റിട്ടേണുകൾ കൃത്യസമയത്ത് ഫയൽ ചെയ്യുക. ഇവിടെ കാണിക്കുന്ന ഉപേക്ഷയും ശ്രദ്ധക്കുറവും മറ്റൊരു തമോഗർത്തം തീർക്കും . ബിസിനസിനായി ചിലവഴിക്കേണ്ട സമയം മുഴുവൻ കേസും പ്രശ്നങ്ങളുമായി പാഴാകും. നിയമത്തിന്റെ ചട്ടക്കൂടിൽ നിന്ന് പ്രവർത്തിക്കുമ്പോൾ സംരംഭത്തിന് ഉറപ്പുള്ള അടിത്തറ തീർക്കുകയാണ് നിങ്ങൾ ചെയ്യുന്നത്.

നിയമപരമായ കുരുക്കുകൾ പരമാവധി ഒഴിവാക്കി മുന്നോട്ടു കുതിക്കുവാനാണ് ബുദ്ധിമാനായ സംരംഭകൻ എപ്പോഴും ശ്രമിക്കേണ്ടത്. സംരംഭത്തിന്റെ തുടക്കത്തിൽ കാണിക്കുന്ന അലംഭാവം വളരുന്ന ഘട്ടത്തിൽ അഴിയാക്കുരുക്കായി മാറുന്നു. മറ്റെല്ലാം സാഹചര്യങ്ങളും ഒത്തുവരുമ്പോൾ വിജയത്തിന്റെ പടിവാതിക്കലിൽ വെച്ച് ഈ തമോഗർത്തം നിങ്ങളെ വിഴുങ്ങും. കൃത്യമായ കണക്കുകൾ സൂക്ഷിച്ച്, സമയത്ത് നികുതിയടച്ച് യഥാസമയം റിട്ടേണുകൾ ഫയൽ ചെയ്ത് ബിസിനസിന് ശക്തമായ സാമ്പത്തിക അച്ചടക്കം കൊണ്ടുവരാം.

നികുതി വെട്ടിക്കാതിരിക്കുക. അതുമായി ബന്ധപ്പെട്ട നിയമങ്ങൾ അനുസരിക്കുക. അതീവ ശ്രദ്ധ ആവശ്യമുള്ള മേഖലയാണ് ഇത്. സംരംഭകൻ എന്ന നിലയിൽ ഈ ഉത്തരവാദിത്തം വളരെ വലുതാണ്. വിജയത്തിലേക്കുള്ള യാത്രയിൽ ഈ ധാർമ്മികത നിങ്ങളെ തുണക്കും. എത്തുന്ന ഉയർന്ന സ്ഥാനത്ത് ദീർഘകാലം നിലനിൽക്കാൻ ഈ നയം കരുത്തേകും.

## Black Hole 4

### ഉത്പന്നം / സേവനം (Products/Service)

ഉപഭോക്താവിനെ കബളിപ്പിക്കുന്ന ബിസിനസുകൾക്ക് വലിയ ആയുസ്സില്ല. ഏറ്റവും മികച്ച ഉത്പന്നമോ സേവനമോ ഉപഭോക്താവിന് നൽകുന്ന ബിസിനസുകൾ മാത്രമാണ് ഉയരങ്ങളിലേക്ക് എത്തപ്പെടുന്നത്. ലാഭത്തിന് വേണ്ടി ഉപഭോക്താവിനെ കബളിപ്പിക്കാം എന്ന മനോഭാവം തമോഗർത്തത്തെ രൂപപ്പെടുത്തുന്നു. ഇത് ശ്രദ്ധക്കുറവല്ല മറിച്ച് വികലമായ മനോഭാവമാണ്. ഇത് ഒരിക്കലും വളരാൻ ശ്രമിക്കുന്ന സംരംഭകന്റെ കാഴ്ച്ചപ്പാടല്ല. ബിസിനസ് വളരണമെങ്കിൽ ഉപഭോക്താവ് ബിസിനസിനൊപ്പം സഞ്ചരിക്കണം. അവർക്ക് നല്ല ഉത്പന്നങ്ങൾ അല്ലെങ്കിൽ സേവനം നൽകാത്ത ബിസിനസുകളെ അവർ കൈവിടും.

വളരാൻ കൊതിക്കുന്ന സംരംഭകർ ഈ തമോഗർത്തിൽ വീഴരുത്. ബിസിനസിന്റെ ആപ്തവാക്യം മികച്ച ഉത്പന്നം / സേവനം എന്നതാവട്ടെ. ഓരോ ഉപഭോക്താവും ബിസിനസിലെ വിലപിടിച്ച ആസ്തിയാണ് (Asset). ബാലൻസ് ഷീറ്റിൽ അത് പ്രത്യക്ഷപ്പെടുന്നില്ല എന്നേയുള്ളൂ. സംതൃപ്തരായ ഉപഭോക്താക്കൾ നിങ്ങളുടെ ബിസിനസ് വളർത്തും. അവർ അസംതൃപ്തരായാൽ ബിസിനസ് തളരും. ലാഭം നേടുന്നതിനൊപ്പം ഉപഭോക്താക്കളുടെ സംതൃപ്തിക്കും അവരുമായുള്ള ബന്ധത്തിനും പ്രാധാന്യം നൽകുക.

ഉപഭോക്താവിനെ പഠിക്കുക. അവർക്ക് മികച്ച ഉത്പന്നങ്ങളും സേവനങ്ങളും നൽകുക. ഉത്പന്നങ്ങളും സേവനങ്ങളും മോശമെങ്കിൽ ബിസിനസ് വളരില്ല. ബിസിനസിൽ മികച്ച വിജയം കാംക്ഷിക്കുന്ന സംരംഭകൻ ഇതിൽ ശ്രദ്ധയൂന്നണം.

ഉപഭോക്താവിൽ നിന്നും ശ്രദ്ധ ചലിച്ചാൽ ബിസിനസ് തമോഗർത്തത്തിൽ വീഴും.

## Black Hole 5

### മൂലധനത്തിന്റെ ചെലവ് (Cost of Capital)

സംരംഭകൻ ശ്രദ്ധ കൊടുക്കാത്ത ഒരിടമാണിത്. താൻ നിക്ഷേപിച്ച മൂലധനത്തിന് എന്താണ് ചെലവ് എന്നതാവും ചിന്ത. സംരംഭകൻ സ്വന്തം പോക്കറ്റിൽ നിന്നും നിക്ഷേപിക്കുന്ന മൂലധനത്തിനാണ് ബിസിനസിൽ ഏറ്റവും കൂടുതൽ ചെലവ്. ഇത് കൃത്യമായി നിർണ്ണയിക്കുവാൻ മറന്നാൽ ബിസിനസ് ലാഭകരമായി നടത്തുവാൻ സാധിക്കുകയില്ല.

## Black Hole 6

### പ്രവർത്തന മൂലധനം (Working Capital)


സംരംഭത്തിൽ പ്രവർത്തന മൂലധനം പ്രധാനമായും നിക്ഷേപിക്കുന്നത് സ്റ്റോക്കിലും ഡെബ്റ്റേഴ്സിലുമാണ് (Debtors ഉപഭോക്താക്കളിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക). കൃത്യമായ നിയന്ത്രണമില്ലാതെയുള്ള ഈ നിക്ഷേപം ബിസിനസിനെ പ്രതിസന്ധികളിലേക്ക് തള്ളിയിടും. സംരംഭം തുടങ്ങുന്ന നാളുകളിൽ വിൽപന വർദ്ധിപ്പിക്കുവാൻ കൂടുതൽ കടം നൽകും. പിന്നീട് ഇത് ബിസിനസിനെ വിഴുങ്ങും.

സ്റ്റോക്കിൽ അധികം വരുന്ന നിക്ഷേപം ചത്ത നിക്ഷേപമാണ് (Dead Investment). അതൊരിക്കലും ബിസിനസിന് വരുമാനം കൊണ്ടുവരുന്നില്ല. ബിസിനസിന്റെ അളവനുസരിച്ച് മാത്രമേ സ്റ്റോക്ക് ചെയ്യേണ്ട ആവശ്യമുള്ളു. സ്റ്റോക്കിൽ അധികമായി നിക്ഷേപിക്കപ്പെടുന്ന ഓരോ രൂപയും അധികച്ചെലവാണ്. അത് ബിസിനസിന്റെ ലാഭം കുറയ്ക്കും. കൂടുതൽ ഉൽപാദനക്ഷമമായി ഉപയോഗിക്കേണ്ട പണം സ്റ്റോക്കിൽ കുടുങ്ങിക്കിടക്കും. സ്റ്റോക്കിലും ഡെബ്റ്റേഴ്സിലും അനാവശ്യമായി പണം നിക്ഷേപിക്കപ്പെട്ടാൽ അത് ബിസിനസിനെ സാമ്പത്തിക ഞെരുക്കത്തിലേക്ക് (Cash Crunch) നയിക്കും.

ബിസിനസിന്റെ വലുപ്പമനുസരിച്ച് സ്റ്റോക്കിലും ഡെബ്റ്റേഴ്സിലും നിക്ഷേപിക്കപ്പെടേണ്ട പ്രവർത്തന മൂലധനത്തിന്റെ പരിധി നിശ്ചയിക്കുക. ഇത് കൃത്യമായ ഇടവേളകളിൽ വിശകലനം ചെയ്യണം. വിൽപ്പനയുടെ പണം ഉപഭോക്താക്കളിൽ നിന്നും കൃത്യമായി ലഭ്യമാക്കുവാൻ ക്രെഡിറ്റ് പോളിസി തയ്യാറാക്കുകയും നടപ്പിലാക്കുകയും വേണം. നിയന്ത്രണങ്ങൾ പാലിച്ചില്ലെങ്കിൽ ഇത് ഒരുപരിധി കഴിഞ്ഞാൽ ബിസിനസിനെ തകർക്കും.

## തമോഗർത്തങ്ങളെ സൂക്ഷിക്കുക

ഈ 6 തമോഗർത്തങ്ങളും ബിസിനസിനെ തകർക്കാൻ അസാമാന്യ കെൽപ്പുള്ളവയാണ്. സംരംഭം ആരംഭിക്കുമ്പോൾ മാത്രമല്ല പിന്നീടുള്ള യാത്രയിലെല്ലാം ഈ കെണികൾ ശ്രദ്ധിക്കേണ്ടതുണ്ട്. സംരംഭകന്റെ മനോഭാവമാണ് സംരംഭത്തിന്റെ വിജയം നിശ്ചയിക്കുന്നത്. സംരംഭകൻ യാത്രയുടെ തുടക്കത്തിൽ എടുക്കുന്ന തീരുമാനങ്ങളാണ് പിന്നീട് സംരംഭത്തിന്റെ ശക്തിയോ ദൗർബ്ബല്യമോ ആയി മാറുന്നത്. വിജയത്തിന്റെ അടിസ്ഥാനം മാനസിക ധൈര്യമോ അഭിനിവേശമോ അറിവോ നിപുണതകളോ അനുഭവങ്ങളോ മാത്രമല്ല. മുന്നോട്ട് നീങ്ങുമ്പോൾ കടന്നുവരാനിടയുള്ള വെല്ലുവിളികളെ പ്രതിരോധിക്കുവാനും ബിസിനസിന് സുഗമമായി വളരാൻ പരിസ്ഥിതി (Environment)ഒരുക്കുവാനുമുള്ള വ്യവസ്ഥിതി (System) സംരംഭത്തിൽ കൂട്ടിച്ചേർക്കുക എന്നതും കൂടിയാണ്. ■





# സ്പീഡ് വായ്പകളും പൊല്ലാപ്പുകളും

എഴുമാവിൽ രവീന്ദ്രനാഥ്

**ബാങ്കിങ്** രംഗത്ത് വളരെ മുന്നേറ്റങ്ങൾ നടത്തിയ രാജ്യമാണ് നമ്മുടേത്. ആഗോളതലത്തിലെ ആകെ ഡിജിറ്റൽ ബാങ്കിങ്ങിന്റെ 45 ശതമാനം നാം കയ്യാളിയിരിയ്ക്കുന്നു. 12 പൊതുമേഖലാ ബാങ്കുകളും 22 സ്വകാര്യ മേഖലാ ബാങ്കുകളും 46 വിദേശ ബാങ്കുകളും 56 റീജിയണൽ റൂറൽ ബാങ്കുകളും 1485 അർബൻ സഹകരണ ബാങ്കുകളും 96,000 സഹകരണ ബാങ്കുകളും, 6 പെയ്മെന്റ് ബാങ്കുകളും ചേർന്നതാണ് ഇന്ത്യൻ ബാങ്കിങ് രംഗം. ഇതിനു പുറമെയാണ് 268 മൈക്രോ ഫിനാൻസ് ബാങ്കുകൾ. വായ്പകൾ നൽകുക, നിക്ഷേപങ്ങൾ സ്വീകരിയ്ക്കുക, വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുക തുടങ്ങിയവയാണ് ഇവയെല്ലാം ചെയ്തു വരുന്നത്. വ്യവസായ മേഖലയ്ക്കുള്ള ദീർഘ, മദ്ധ്യ, ഹ്രസ്വകാല വായ്പകൾ ഇവ നൽകിവരുന്നു.

എന്നാൽ ഇവയ്ക്കിടയിലൂടെ വായ്പാവിതരണം നടത്തുന്ന സ്വകാര്യ

**വിദ്യാഭ്യാസപരമായി ഏറെ മുന്നിൽ നിൽക്കുന്ന കേരളത്തിലും ഇത്തരം സ്ഥാപനങ്ങളുടെ ശക്തമായ സാന്നിധ്യമുണ്ടെന്നത് ഞെട്ടിപ്പിയ്ക്കുന്ന യാഥാർത്ഥ്യമാണ്. ചെറുകിട വ്യവസായ സംരംഭങ്ങളിൽ പലതും ഈസി ഫൈനാൻസ് എന്ന ഓഫറിൽ വീണിട്ടുമുണ്ട്.**

ധനകാര്യ സ്ഥാപനങ്ങളുണ്ട്. റിസർവ് ബാങ്ക് ലൈസൻസുള്ളതും 42 ലക്ഷം കോടിയുടെ ആസ്തിയുള്ളതുമായ 95,000 ബാങ്കിങ്ങിതര ധനകാര്യ സ്ഥാപനങ്ങളും (നോൺ ബാങ്കിങ്ങ് ഫിനാൻഷ്യൽ കമ്പനികൾ) ഇത്തരം അംഗീകാരങ്ങളൊന്നുമില്ലാത്ത നാലു ലക്ഷത്തോളം ഫിനാൻസ് കമ്പനികളുമാണ് ഈ ഗണത്തിൽ. ഇവയിൽ ചിലവ പ്രാദേശികമായി മാത്രം ഓപ്പറേഷൻസ് നടത്തുന്നു. മറ്റു ചിലത് അന്യസംസ്ഥാനത്ത് ചിട്ടിക്കമ്പനിയുടെയോ മറ്റോ പേരിൽ രജിസ്ട്രേഷൻ എടുത്തശേഷം സമീപ സംസ്ഥാനങ്ങളിൽ വായ്പകൾ നൽകുന്നു.

ഇവയിൽ പലതിന്റെയും പ്രവർത്തനങ്ങൾ വളരെ വിചിത്രമാണ്. ചെറുകിട വ്യവസായികൾ, വ്യപാരികൾ തുടങ്ങിയവരാണ് ഇവരുടെ കക്ഷികൾ. ബ്ലാങ്ക് ചെക്ക്, സ്റ്റാമ്പ് പേപ്പറിൽ (ബ്ലാങ്കായ) ഒപ്പിട്ടത് തുടങ്ങിയവയാണ് ഇവർ വായ്പകൾക്കു വാങ്ങുന്ന ഈടുകൾ. മറ്റു ചിലരാകട്ടെ വീടിന്റെയും പറമ്പിന്റെയും ആധാരമാകും ഈടായി സ്വീകരിയ്ക്കുക. പണം തേടി ഇവരുടെ ഓഫീസുകളിൽ എത്തേണ്ട പണവുമായി പ്രതിനിധി വീട്ടിലെത്തും, വലിയ കാലതാമസങ്ങൾ വരുന്നില്ല. തിരിച്ചടവിനും ഓഫീസിൽ പോകേണ്ട. വായ്പകൾ ഇടയ്ക്കിടെ പുതുക്കി കാലാവധി നീട്ടാം. ഈ സൗകര്യങ്ങൾ മൂലമാണ് പലരും ഇവരുടെ കെണികളിൽ വീഴുന്നത്.

പറയുന്ന പലിശ ഒന്ന്. ഈടാക്കുന്നത് വേറൊന്ന്. ഇതാണവരുടെ രീതി. മറഞ്ഞിരിയ്ക്കുന്ന ചാർജ്ജുകൾ പലതും പിന്നീടാണ് പുറത്തു വരുന്നത്. അടച്ചാലും അടച്ചാലും തീരാത്ത വായ്പയായി ഇതു മാറുമ്പോൾ മാത്രമാണ് ഇടപാടുകാർ തങ്ങൾ "പെട്ടുപോയി" എന്നറിയുന്നത്. അപ്പോഴേക്കും കാലമേറെ കഴിഞ്ഞിരിയ്ക്കും.

വിദ്യാഭ്യാസപരമായി ഏറെ മുന്നിൽ നിൽക്കുന്ന കേരളത്തിലും ഇത്തരം സ്ഥാപനങ്ങളുടെ ശക്തമായ






സാന്നിധ്യമുണ്ടെന്നത് ഞെട്ടിപ്പിയ്ക്കുന്ന യാഥാർത്ഥ്യമാണ്. ചെറുകിട വ്യവസായ സംരംഭങ്ങളിൽ പലതും ഈസി ഫൈനാൻസ് എന്ന ഓഫറിൽ വീണിട്ടുമുണ്ട്. സംരംഭങ്ങളിലൂടെ ലഭിയ്ക്കുന്ന ലാഭം പലപ്പോഴും അനുഭവിയ്ക്കാൻ യോഗം ഇത്തരം അന്യസംസ്ഥാന സ്ഥാപനങ്ങൾക്കാണ്. ഇവരുടെ ദൂഷിത വലയത്തിൽ പ്പെട്ടാൽ പത്മവ്യൂഹത്തിൽപ്പെട്ട അഭിമന്യുവിനുണ്ടായ അനുഭവമാണ്.

എന്തുകൊണ്ടാണ് ഇവരിലേയ്ക്കു പലരും അടുക്കുന്നതെന്ന ചോദ്യം ഉയരുന്നു. സ്ഥാപനങ്ങളുടെയോ സംരംഭകരുടെയോ ഫോൺ നമ്പരുകൾ ഇവർ എപ്രകാരമോ ശേഖരിക്കുന്നു. തുടർന്ന് വളരെ ശാസ്ത്രീയവും തന്ത്രപരമായും സംരംഭകരെ പരോക്ഷമായി സമീപിയ്ക്കുന്നത്. നെടുങ്കൻ ഓഫറുകളാവും ഇവർ വിളമ്പുന്നത്. മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ നടപടിക്രമങ്ങൾ, ചുവപ്പുനാട, കർശന നിയന്ത്രണങ്ങൾ, നിയമങ്ങൾ, മേൽനോട്ടങ്ങൾ ഇവയൊക്കെ സംരംഭകന്റെ മനസ്സിൽത്തട്ടുംവിധം അവതരിപ്പിയ്ക്കുമ്പോൾ ഏറ്റവും കുറഞ്ഞത് അമ്പതു ശതമാനം പേരും അതിൽ വീഴുകതന്നെ ചെയ്യും.

**ചിലർ ഒരേസമയം രണ്ടു വള്ളങ്ങളിലും കാൽ ചവിട്ടും. ബാങ്കു വായ്പകൾക്കൊപ്പം ബ്ലേഡ് വായ്പകളും കൂടി സംഘടിപ്പിയ്ക്കും. പണമല്ലേ അല്പം കൂടിയാലെന്താ കൈയ്ക്കുമോ? സംരംഭം പച്ച പിടിയ്ക്കട്ടെ. ഫണ്ട് ഫ്ളോ ഒട്ടും കുറയരുതല്ലോ.**

ചിലർ ഒരേസമയം രണ്ടു വള്ളങ്ങളിലും കാൽ ചവിട്ടും. ബാങ്കു വായ്പകൾക്കൊപ്പം ബ്ലേഡ് വായ്പകളും കൂടി സംഘടിപ്പിയ്ക്കും. പണമല്ലേ അല്പം കൂടിയാലെന്താ കൈയ്ക്കുമോ? സംരംഭം പച്ച പിടിയ്ക്കട്ടെ. ഫണ്ട് ഫ്ളോ ഒട്ടും കുറയരുതല്ലോ. സംഭവം ശരിയാണ് മുതൽമുടക്കാൻ പണം സുലഭമെങ്കിൽ സംരംഭത്തിനു കരുത്തു വർദ്ധിയ്ക്കും. പക്ഷേ അതനുസരിച്ചുള്ള റിട്ടേൺ ഉണ്ടാവണമെന്നു മാത്രം.

ബാങ്കുകൾ വായ്പ അനുവദിക്കുന്നതിനു ചില മാനദണ്ഡങ്ങളൊക്കെയുണ്ട്. അവ പ്രസ്തുത ധനകാര്യ സ്ഥാപനത്തിന്റെ പോളിസി വ്യക്തമാക്കു

**സംരംഭകന്റെ വിജയപാത വെട്ടിത്തെ ളിയ്ക്കുവാനുള്ളതാണ്. വ്യവസായ വകുപ്പും, സാങ്കേതിക വിദഗ്ദ്ധരും, അംഗീകൃത ധനകാര്യ സ്ഥാപനങ്ങളും ലക്ഷ്യമിടുന്നത് മറ്റൊന്നുമല്ല. ഓരോ സംരംഭകനും രാഷ്ട്രവികസനത്തിന്റെ ചാലകശക്തിയായി മാറണം.**

ന്നതിനും, സംരംഭകന്റെ സുരക്ഷിതത്വത്തിനും സംരംഭത്തിന്റെ വളർച്ചയ്ക്കും വേണ്ടിയാണ്. അവർ പ്രോജക്ട് റിപ്പോർട്ടുകൾ വിലയിരുത്തും. സംരംഭത്തിലെ ലാഭ നഷ്ട സാധ്യതകൾ പരിശോധിയ്ക്കും, സംരംഭകന്റെ പശ്ചാത്തലവും കണക്കിലെടുക്കും. ഇവ വായ്പ നൽകുന്ന സ്ഥാപനമെന്ന നിലയിൽ പരിശോധിയ്ക്കേണ്ട ഉത്തരവാദിത്തം അവർക്കുണ്ട്. കൊടുക്കുന്ന വായ്പകൾ അതേ ഉദ്ദേശ ലക്ഷ്യങ്ങൾ സാധിതമാക്കാൻ ഉപയോഗിയ്ക്കണമല്ലോ. ഇക്കാര്യത്തിൽ നമ്മുടെ വ്യവസായ വകുപ്പും പ്രതിജ്ഞാബദ്ധമാണ്. ഓരോ സംരംഭവും വിജയിയ്ക്കണമെന്നും സംരംഭകനും ഉയരങ്ങളിലേയ്ക്കു കുതിയ്ക്കണമെന്നുമാണ് സർക്കാർ ആഗ്രഹിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സിംഗിൾ വിൻഡോ ക്ലിയറൻസ് വരെ തയ്യാറാക്കി പണ്ടെന്നോ പ്രചരിച്ച ചുവപ്പുനാട പ്രശ്നങ്ങളും ഇല്ലാതാക്കി. സബ്സിഡിയും മാർക്കറ്റിങ്ങ് അസിസ്റ്റൻസും ഉറപ്പാക്കി. ഇതെല്ലാം തന്നെ അംഗീകൃത ബാങ്ക് വായ്പകളുമായി ബന്ധിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ധന സഹായങ്ങൾ സംരംഭകന്റെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാവും എത്തുക.

ഇനി ആധികാരികമല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും സ്പീഡ് ലോണിനു പോകുന്നവരെപ്പറ്റി നോക്കാം. അവിടെ പ്രോജക്ട് അനാലിസിസ് ഇല്ല, ടെക്നിക്കൽ സപ്പോർട്ട് ഇല്ല, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസോ മാർക്കറ്റിങ്ങ് സപ്പോർട്ടോ ഉണ്ടാവില്ല. പണം അക്കൗണ്ടിലേയ്ക്കാവില്ല നൽകുക. ലിക്വിഡ് ക്യാഷ് ആയിട്ടാവും പലപ്പോഴും ഡിസ്ബേഴ്സ്മെന്റ്. ഇതു പലപ്പോഴും അന്യ സംസ്ഥാനങ്ങളിൽ നിന്നു കടത്തിക്കൊണ്ടു വരുന്ന ബ്ലാക്ക്മണി തന്നെയാവും. വായ്പ തിരിച്ചടയ്ക്കുന്നത് അക്കൗണ്ടിലൂടെയുമാവണമത്രേ. അതിനർത്ഥം വല്ലവരുടെയും ബ്ലാക്ക് മണി വൈറ്റ് ആക്കുന്ന ഏജന്റായി സംരംഭകൻ മാറുമെന്നാണ്. വല്ല റവന്യൂ ഇന്റലിജൻസോ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റോ പൊക്കിയാൽ സംരംഭം വെള്ളത്തിലും സംരംഭകൻ അഴിയ്ക്കുള്ളിലുമാകും.

ഓരോ മാർഗനിർദ്ദേശവും സംരംഭകത്വത്തിന്റെ സുഗമമായ നീക്കത്തിനുള്ളതാണ്. സംരംഭകന്റെ വിജയപാത വെട്ടിത്തെളിയ്ക്കുവാനുള്ളതാണ്. വ്യവസായ വകുപ്പും, സാങ്കേതിക വിദഗ്ദ്ധരും, അംഗീകൃത ധനകാര്യ സ്ഥാപനങ്ങളും ലക്ഷ്യമിടുന്നത് മറ്റൊന്നുമല്ല. ഓരോ സംരംഭകനും രാഷ്ട്രവികസനത്തിന്റെ ചാലകശക്തിയായി മാറണം. കരുത്തുറ്റ വ്യാവസായിക അടിത്തറയിലൂടെ കേരളത്തെ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഹബ്ബ് ആക്കി മാറ്റുവാനുള്ള യജ്ഞത്തിലാണു നാം. ദേശീയ ശ്രദ്ധയാകർഷിച്ച നിരവധി പദ്ധതികളുടെ ഉപജ്ഞാതാക്കളായി സംസ്ഥാ വ്യവസായ വകുപ്പ് മാറിക്കഴിഞ്ഞു. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റിയും ഒപ്പമുണ്ട്. ഓരോ വർഷവും അവർ നിശ്ചിത ടാർജറ്റുമായി സംരംഭകർക്കു സഹായ ഹസ്തമായി മാറുന്നു. അതിനു പുറമെയുള്ള വ്യാജ ഹസ്തങ്ങൾ സംരംഭകരെ തഴുകിത്തലോടാനുള്ളതല്ല തകർത്തു തരിപ്പണമാക്കാനുള്ളതാണ്. നേരായ പാതയിലൂടെ വ്യാവസായിക ചക്രവാളത്തിലെ ശുഭ്രതാരകങ്ങളായി ഓരോ നവസംരംഭവും പ്രോജ്ജ്വലിയ്ക്കട്ടെ. ■




ടെക്നോട്രെൻഡ്

# സൗരോർജ്ജവും സംരംഭക സാധ്യതകളും



ലോറൻസ് മാത്യു

വ്യത്യസ്തമായ ഊർജ്ജത്തിന്റെ ഉറവിടം മനുഷ്യൻ തേടുവാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ആയതിനാൽത്തന്നെ സൗരോർജ്ജവും, റൈറ്റഡലും, വൈദ്യുതിയുമെല്ലാം അങ്ങനെ വിവിധങ്ങളായ ഉപയോഗങ്ങളായി നമ്മുടെ മുന്നിലുണ്ടിന്ന്. ഇവയിൽ ഏറ്റവും അധികം പോപ്പുലറായിട്ടുള്ളത് സൗരോർജ്ജം തന്നെയാണ്. പ്രപഞ്ചത്തിലെ ഏറ്റവും വലിയ ഊർജ്ജ സ്രോതസുകളിലൊന്നായി സൂര്യൻ നിൽക്കുമ്പോൾ ഇത് നിരവധിയായ കാര്യങ്ങൾക്ക് ഇന്ന് മനുഷ്യൻ ഉപയോഗപ്പെടുത്തുന്നുണ്ട്. ഒരു കാര്യം മനുഷ്യർ വ്യാപകമായി ഉപയോഗിക്കുന്നുണ്ട് എന്നതിനർത്ഥം അത് ഒരു സംരംഭക സാധ്യതയാണ് എന്നതാണ്. അതായത് സൌരോർജ്ജവുമായി ബന്ധപ്പെട്ട് നിരവധി സംരംഭക സാധ്യതകൾ ഇവിടെ ഉണ്ട് എന്നർത്ഥം. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന നെടുമ്പാശ്ശേരി വിമാനത്താവളം ഇത്തരത്തിലുള്ളതിൽ ഏറ്റവും വലുത് തന്നെയാണ്. ഒരു വിമനത്താവളം തന്നെ സൌരോർജ്ജത്തിൽ പ്രവർത്തനക്ഷമമാകുമ്പോൾ ഇത് മുന്നോട്ട് വെക്കുന്ന സംരംഭക സാധ്യതകൾ നിരവധിയാണ്. സോളാർ സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന ബോട്ടുകൾ ഇവിടെയുണ്ട്. ടൂറിസം രംഗത്ത് ഇനിയും ഈ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.



നൂറ് ശതമാനവും പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ജി സി സിയിലെ ആദ്യ പബ്ലിക് പാർക്ക് ബഹ്റനിൽ ആരംഭിക്കുകയുണ്ടായി. സൗരോർജ്ജ പാനലുകൾ വഴി സൗരോർജ്ജവും വിൻഡ് മില്ലുകൾ വഴി കാറ്റിൽ നിന്നുള്ള ഊർജ്ജവും ഉപയോഗിച്ചാണ് പാർക്ക് പ്രവർത്തിക്കുക.

വീടുകളിലെ സോളാർ പാനൽ ഇൻസ്റ്റലേഷൻ മുതൽ സോളാർ ഓഡിറ്റിങ്ങ് വരെ നീണ്ട് നില്ക്കുന്നതാണ് ഈ മേഖലയിലെ സംരംഭക സാധ്യതകൾ. സൗജന്യമായി വർഷം മുഴുവൻ ലഭ്യമാകുന്ന ഊർജ്ജമാണ് സൗരോർജ്ജമെന്നത് തന്നെയാണ് ഈ മേഖലയുടെ ഏറ്റവും വലിയ പ്ലസ് പോയിന്റ്.

## സൗരോർജ്ജ പ്ലാന്റുകൾ

സൗരോർജ്ജ പ്ലാന്റുകൾ തന്നെയാണ് ഈ രംഗത്തെ ബിസിനസ് സാധ്യതകളിൽ പ്രാധാനമായത്, ലോകത്തെ ഏറ്റവും വലിയ സോളാർ ട്രാക്കിങ് സംവിധാനവുമായി സൗരോർജ്ജ രംഗത്ത് വൻ കുതിപ്പിനൊരുങ്ങുകയാണ് ഖത്തർ. രാജ്യത്തെ ആകെ വൈദ്യുതി ഉപഭോഗത്തിന്റെര 10 ശതമാനവും സൗരോർജ്ജം വഴി ലഭ്യമാക്കുക എന്ന ലക്ഷ്യം വെച്ചാണ് വമ്പൻ സോളാർ പ്ലാന്റ് സ്ഥാപിച്ചത്. സോളാർ എനർജി രംഗത്തെ ലോകോത്തര കമ്പനിയായ ഐഡിമാ ടെക്കാണ് ഖത്തറിൽ വൻ സോളാർ പ്ലാന്റ് നിർമ്മിച്ചത്. വീടുകളിൽ സോളാർ പ്ലാന്റുകൾ വൈദ്യുതി ബോർഡുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതി ഇപ്പോൾത്തന്നെ കേരളത്തിലുണ്ട്. സോളാർ പവർ പ്ലാന്റുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് ഇന്ത്യയും ശ്രീലങ്കയും ഒപ്പ് വെച്ച് കഴിഞ്ഞു. ഇന്ത്യയിൽ നിന്നുള്ള സോളാർ മോഡ്യൂൾ ഉൽപ്പാദകരായ റെയ്സോൺ സോളാർ അമേരിക്കയിൽ ഉൽപ്പാദനം ആരംഭിക്കുവാൻ പദ്ധതിയിടുന്നു. ഇന്ത്യയിൽ നിലവിലുള്ള 1500 വാട്ടിന്റെ ഉൽപ്പാദന ശേഷി 2500 മെഗാ വാട്ടായി ഉയർത്തുന്നതിന് കമ്പനി പദ്ധതി ഇടുന്നുണ്ട്. അദാനി എന്റർപ്രൈസസ്, ടാറ്റാ പവർ സോളാർ, വിക്രം സോളാർ, വാരി എനർജീസ് എന്നിങ്ങനെ ഇന്ത്യയിൽ നിന്നുള്ള മറ്റ് സോളാർ ഉൽപ്പാദകരും തങ്ങളുടെ ഉൽപ്പാദന ശേഷി വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. 2 വർഷങ്ങൾക്ക് മുമ്പ് സർക്കാർ പ്രഖ്യാപിച്ച ഉൽപ്പാദന അധിഷ്ഠിത ഇൻസെന്റീവ് പദ്ധതിയും ഈ മേഖലയിലെ മാനുഫാക്ചറിങ്ങിലേക്ക് കമ്പനികളെ ആകർഷിക്കുന്നു.

## സോളാർ ഉൽപ്പന്നങ്ങളുടെ വില്പന

സോളാർ ഉൽപ്പന്നങ്ങളുടെ വിൽപ്പന ഈ രംഗത്തെ ഒരു സംരംഭക സാധ്യതയാണ്. സോളാർ പാനൽ, സോളാർ തെർമൽ സിസ്റ്റങ്ങൾ, സോളാർ കൂളിങ്ങ് സിസ്റ്റങ്ങൾ, സോളാർ ലൈറ്റുകൾ തുടങ്ങി നിരവധിയായ ഉപകരണങ്ങളുടെ വില്പന നടത്താവുന്നതാണ്.

**ഇനിയുള്ള കാലഘട്ടങ്ങളിൽ സോളാർ ഉപഭോഗം വർദ്ധിക്കുമ്പോൾ വ്യാപകമായിത്തന്നെ സോളാർ ഓഡിറ്റിങ്ങ് ആവശ്യമായി വരും. സോളാർ എനർജി ഓഡിറ്റിങ്ങിലൂടെ മാത്രമേ ഒരു വീടിന് അല്ലായെങ്കിൽ സ്ഥാപനത്തിന് എത്ര മാത്രം എനർജി ആവശ്യമായി വരും എന്ന് കണക്ക് കൂട്ടുവാൻ കഴിയു. 3 കാര്യങ്ങളാണ് ഇതിലൂടെ ചെയ്യുന്നത്. കഴിഞ്ഞ 2 വർഷത്തെ ഊർജ്ജ ഉപഭോഗം, ഒപ്പം ഇപ്പോഴുള്ള ഊർജ്ജ ഉപഭോഗം, ഊർജ്ജ നഷ്ടം തുടങ്ങിയവയൊക്കെ പഠന വിധേയമാക്കുന്നു.**

## സോളാർ ഓഡിറ്റിങ്ങ്

ഇനിയുള്ള കാലഘട്ടങ്ങളിൽ സോളാർ ഉപഭോഗം വർദ്ധിക്കുമ്പോൾ വ്യാപകമായിത്തന്നെ സോളാർ ഓഡിറ്റിങ്ങ് ആവശ്യമായി വരും. സോളാർ എനർജി ഓഡിറ്റിങ്ങിലൂടെ മാത്രമേ ഒരു വീടിന് അല്ലായെങ്കിൽ സ്ഥാപനത്തിന് എത്ര മാത്രം എനർജി ആവശ്യമായി വരും എന്ന് കണക്ക് കൂട്ടുവാൻ കഴിയു. 3 കാര്യങ്ങളാണ് ഇതിലൂടെ ചെയ്യുന്നത്. കഴിഞ്ഞ 2 വർഷത്തെ ഊർജ്ജ ഉപഭോഗം, ഒപ്പം ഇപ്പോഴുള്ള ഊർജ്ജ ഉപഭോഗം, ഊർജ്ജ നഷ്ടം തുടങ്ങിയവയൊക്കെ പഠന വിധേയമാക്കുന്നു.

തുടർന്ന് ആവശ്യമായ ഊർജ്ജത്തിന്റെ അളവ് നിശ്ചയിക്കുന്നു. വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന കമ്പനികൾക്ക് വേണ്ടി ഓഡിറ്റിങ്ങ് നടത്തുന്ന സ്ഥാപനങ്ങൾ ആരംഭിക്കുവാൻ കഴിയും.

## ഡീലറാകാം

വിവിധങ്ങളായ സോളാർ ഉൽപ്പന്നങ്ങളുടെ ഡീലറായും ഈ രംഗത്ത് ഒരു ബിസിനസ്സ് ആരംഭിക്കാം. ഒരു ഡീലറുടെ കീഴിൽ നിരവധിയായ ഔട്ട്ലെറ്റുകൾ ആരംഭിച്ച് ഈ രംഗത്തേക്ക് കടക്കുവാൻ കഴിയും.

## സോളാർ ഫാമുകൾ ആരംഭിക്കാം

വിദേശ രാജ്യങ്ങളിൽ ഒക്കെ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഒരു സംരംഭക സാധ്യതയാണ് സോളാർ ഫാമുകൾ എന്നത്. ഇതൊരു സോളാർ വൈദ്യുതോല്പന്ന യൂണിറ്റ് ആണ്. വളരെ വലിയ സ്ഥലത്ത് നിരവധിയായ സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് അത് ഗ്രിഡിലേക്ക് വിട്ട് സർക്കാരിന് വിൽക്കുന്ന രീതിയാണിത്. ഭീമമായ ഇൻവെസ്റ്റ്മെന്റ് ഇതിനാവശ്യമായി വരും. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ നല്ല ലാഭം നൽകുന്നയൊന്നാണിത്.

## സോളാർ പാനൽ ക്ലീനിങ്ങ്

വീടുകളിലും മറ്റും സോളാർ പാനലുകൾ വ്യാപകമായി വരുമ്പോൾ പാനലുകളുടെ ക്ലീനിങ്ങ് എന്നത് ഒരു സംരംഭക സാധ്യതയായി ഉയർന്ന് വരും. കാരണം അഴുക്ക് പിടിച്ചതായ പാനലുകൾ കൃത്യമായി പ്രവർത്തിക്കുകയില്ല. വളരെ കുറഞ്ഞ ചിലവിൽ ആരംഭിക്കുവാൻ കഴിയുന്ന ഒരു ബിസിനസ് ആണിത്.

## സോളാർ പാനൽ ഉൽപ്പാദനം

സോളാർ പാനലുകളുടെ ഉൽപ്പാദനം



ആണ് മറ്റൊരു ബിസിനസ്സ് സാധ്യത. പാനലുകൾ മാത്രമല്ല മറ്റു സോളാർ ഉല്പ്പന്നങ്ങളുടെ ഉൽപ്പാദനവും ആരംഭിക്കാവുന്ന മേഖലയാണ്.

## കൺസൾട്ടന്റ്

വ്യക്തികൾക്ക് വേണ്ടിയോ സ്ഥാപനങ്ങൾക്ക് വേണ്ടിയോ കൺസൾട്ടന്റായി ജോലി ചെയ്യാവുന്നതാണ്. എന്നാൽ ഈ മേഖലയെക്കുറിച്ച് സമഗ്രമായ അറിവ് ഒരു കൺസൾട്ടന്റിന് അത്യന്താപേക്ഷിതമാണ്.,

## സോളാർ എനർജി മോണിറ്ററിങ്ങ്

നിലവിലുള്ള സോളാർ ഉല്പന്നങ്ങളുടെ ഡേറ്റ എടുക്കുന്നവർക്ക് അവരുടെ റിയൽ ടൈം ഡേറ്റ മാനേജ് ചെയ്യുവാനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷന് സാധ്യതയേറെയാണ്.


## ട്രെയിനിങ്ങ് സ്ഥാപനങ്ങൾ

സോളാർ അധിഷ്ഠിത ട്രെയിനിങ്ങ് സ്ഥാപനങ്ങൾ ആരംഭിക്കുവാൻ കഴിയും. ഈ മേഖലയിൽ ഹ്രസ്വകാല കോഴ്സുകൾക്ക് സാധ്യത ഏറെയാണ്.

വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തിയാൽ പരിസ്ഥിതി സൗഹാർദ്ദമായ ഊർജ്ജം എന്ന രീതിയിൽ ഉപയോഗപ്പെടുത്താവുന്ന ഏറ്റവും വലുതായ ഒന്നാണ് സൗരോർജ്ജം. മനുഷ്യരാശി പരിസ്ഥിതി സൗഹാർദ്ദമായ ഊർജ്ജ രൂപങ്ങളിലേക്ക് മാറുമ്പോൾ സംരംഭക മേഖലയിലും ഏറെ സാധ്യതയുള്ള ഒന്നാണ് സൗരോർജ്ജമെന്നത്. ആയതിനാൽത്തന്നെ ഈ മേഖലയിലെ സാധ്യതകൾ തിരിച്ചറിയുവാനും പ്രയോജനപ്പെടുത്തുവാനും നാം തയ്യാറാകേണ്ടിയിരിക്കുന്നു. ഒപ്പം സാധ്യതകൾ തിരിച്ചറിഞ്ഞ് സാധ്യമായ മേഖലയിൽ ഇത് പ്രയോജനപ്പെടുത്തുവാൻ സർക്കാരും മുന്നോട്ട് വരേണ്ടിയിരിക്കുന്നു. ■




Attractive Printouts to Attract More Customers
KERALA PRINT PACK 2022
Fully Functioned Laser PRESS
and more add-ons for Better Finishing
Glue Lamination
Thermal Lamination : (Matt, Glossy, 3D, & Feather Touch Finish)
Hot Lamination (Pouch)
Cold Lamination
Foil Printing
Cutting, Scoring
Custom Shape Cutting
Custom Shape Scoring
Creasing
Perforation
Spiral Binding
Wire Binding
Stapling
Variable Data Printing
Variable Barcodes
Variable QR Codes
Variable Images
A3 Scanning
Banner Printing : (13" x 51" for Single Side 13" x 30" for Duplex)
Posters,
Brochure, Booklet
Wedding Cards,
Invitations
Business Cards
Bookmarks
Coupons, Labels
ID Cards
Envelop Printing
Different Type of Medias
Art Papers (100-400 Gsm)
Maplitho Papers
Texture Papers
Plastic & Nonterrable
Paper Sticker
Clear Sticker
PVC Sticker
Gold Metallic Sticker
PRINT GALLERY
WE IMPRESS YOU WITH DIGITAL IMPRESSIONS
Adithya Commercial Arcade, Near ESAF Bank,
M C Road, Nagampadom, Kottayam - 686 001
printgalleryktm@gmail.com
Scan me
0481 256 0 399
86 86 03 03 34



# സർക്കാരും സംരംഭകത്വ വികസന പദ്ധതികളും



ജി. കൃഷ്ണപിള്ള

**സാമ്പത്തിക** വളർച്ചയും തൊഴിൽ സൃഷ്ടിയും ത്വരിതപ്പെടുത്തുന്നതിന് സംരംഭകത്വം നിർണായകപങ്ക് വഹിക്കുന്നു. ഫണ്ടിന്റെ ലഭ്യത, സങ്കീർണമായ നടപടിക്രമങ്ങൾ ആവശ്യമായ വൈദഗ്ദ്ധ്യവും അറിവും നേടുക എന്നീ കാര്യങ്ങളിൽ പലപ്പോഴു സംരംകർ പ്രതിസന്ധി നേരിടുന്നു. ഈയവസരത്തിലാണ് സർക്കാർ ഇടപെടലുണ്ടാവുന്നത്. സംരംഭം പരിപോഷിപ്പിയ്ക്കുക, സംരംഭം വളർത്തുന്നതിനാവശ്യമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുക, അതിനാവശ്യമായ പിന്തുണ നൽകുക എന്നീ കാര്യങ്ങളിൽ സർക്കാരിന് പ്രധാന പങ്കുണ്ട്. സാങ്കേതികം, ധനകാര്യം, വിപണി, സംരംഭകത്വ വികസനം എന്നീ മേഖലകളിൽ സർക്കാർ പരിപാടികൾ ആവിഷ്കരിക്കുന്നു. അത് വ്യവസായ വികസനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യും.

**ഒരു സംരംഭത്തിന്റെ നടത്തിപ്പ് മുതൽ ഉൽപന്ന വികസനം വരെയുള്ള വൈവിദ്ധ്യ തലങ്ങളിലുള്ള വൈദഗ്ദ്ധ്യം ഒരു സംരംഭത്തിന്റെ വിജയത്തിനാവശ്യമാണ്. സംരംഭകർക്ക് ആവശ്യമായ അറിവും വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിക്കുന്നു.**

## സർക്കാരിന്റെ പങ്ക് എങ്ങനെയെല്ലാം നിർവഹിക്കപ്പെടുന്നു

### (1) ഫണ്ട് ലഭ്യമാമാക്കുന്നതിനുള്ള പിന്തുണ

സംരംഭകർ നേരിടുന്ന പ്രധാപ്പെട്ട വെല്ലുവിളികളിലൊന്ന് സംരംഭം തുടങ്ങുന്നതിനാവശ്യമായ മൂലധനം കണ്ടെത്തുകയെന്നുള്ളതാണ്. ധാരാളം സംരംഭകർക്ക് ഉന്നതമായ ആശയങ്ങളുണ്ടെങ്കിലും അതിനെ യാഥാർത്ഥ്യമാക്കുന്നതിനുള്ള സാമ്പത്തിക വിഭവങ്ങൾ അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ ഗ്രാന്റ്, വായ്പ, മറ്റ് സാമ്പത്തികാനുകൂല്യങ്ങൾ മുതലായവ നൽകി സർക്കാർ സംരംഭകരെ സഹായിക്കുന്നു. ഉദാ: പി.എം.ഇ. ജി.പി., പി.എം. എഫ്.എം.ഇ, ഇ.എസ്.എസ്, പലിശ സബ്സിഡി മുതലായവ.

### (2) ചുവപ്പ് നാട കുറയ്ക്കുന്നു

പലപ്പോഴും സംരംഭകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ് സംരംഭം സ്ഥാപിക്കുന്നതിനാവശ്യമായ സങ്കീർണമായ നടപടിക്രമങ്ങളും രേഖകൾ ലഭിക്കുന്നതിനുള്ള കാലതാമസവും.

ഈ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സംരംഭം തുടങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും സർക്കാർ നിയമങ്ങളും നടപടിക്രമങ്ങളും നയങ്ങളും ആവിഷ്കരിക്കുന്നു. ഉദാ: സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്, കെ- സ്വിഫ്റ്റ് മുതലായവ.

### (3) വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള നിക്ഷേപം

ഒരു സംരംഭത്തിന്റെ നടത്തിപ്പ് മുതൽ ഉൽപന്ന വികസനം വരെയുള്ള വൈവിദ്ധ്യ തലങ്ങളിലുള്ള വൈദഗ്ദ്ധ്യം ഒരു സംരംഭത്തിന്റെ വിജയത്തിനാവശ്യമാണ്. സംരംഭകർക്ക് ആവശ്യമായ അറിവും വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിക്കുന്നു.

ഉദാ: സംരംഭകർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് പരിപാടികൾ ആവിഷ്കരിക്കുന്നു.

### (4) നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നു

സംരംഭകത്വം എല്ലായ്പോഴും നൂതനാശയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗവേഷണത്തിനും വികസനത്തിനും വേണ്ടി നിക്ഷേപം നടത്തി നൂതനാശയങ്ങളെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ സ്റ്റാർട്ടപ്പ് ആശയങ്ങൾക്ക് സർക്കാർ നികുതിയിളവും മറ്റാനുകൂല്യങ്ങളും നൽകുന്നു.

ഉദാ: സർക്കാരിന്റെ നേതൃത്വത്തിൽ ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിയ്ക്കുക, സാങ്കേതിക- ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് നൂതനാശയങ്ങൾക്ക് പിന്തുണ നൽകുക.

### (5) അനുകൂലമായ നിയമ വ്യവസ്ഥകൾ സൃഷ്ടിക്കുന്നു

അനുകൂലമായതും പിന്തുണയ്ക്കുന്നതുമായ നിമയങ്ങൾ സംരംഭകത്വം പരിപോഷിപ്പിക്കുന്നതിനാവശ്യമാണ്. സംരംഭത്തിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കുന്നതിനും കരാറുകൾ പ്രാബല്യത്തിൽ വരുത്തുന്നതിനും അനുയോജ്യമായ നിയമവ്യവസ്ഥ സർക്കാർ സൃഷ്ടിയ്ക്കുന്നു.

ഉദാ: ബൗദ്ധിക സ്വത്തവകാശ നിയമം (ഐ. പി. ആർ) പേറ്റന്റ് നിയമം, കരാർ നിയമം, സംസ്ഥാന സർക്കാർ കാലഹരണപ്പെട്ട നിയമങ്ങളിൽ വരുത്തിയ ഭേദഗതികൾ.

### (6) സംരംഭകത്വ സംസ്കാരം വളർത്തുന്നു

പൊതുബോധവത്കരണം (ജി. ഒ. റ്റി), സംരംഭകത്വ വികസന പരിപാടി (ഇ. ഡി. പി.), സംരംഭകത്വ ബോധവത്കരണ പരിപാടി (ഇ. എ. പി), സംരംഭകരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ (Experience sharing of the Entrepreneur) മുതലായവ സംരംഭകത്വ സംസ്കാരം പരിപോഷിപ്പിക്കുന്നതിന് സഹായകരമാകുന്നു.

ഉദാ: സംസ്ഥാന സർക്കാർ എറണാകുളത്ത് നടത്തിയ സംരംഭകത്വ മഹാസംഗമം, തിരുവനന്തപുരത്ത് നടത്തിയ വനിതാ സംരംഭകത്വ സംഗമം

### (7) നെറ്റ്‌വർക്കിംഗ് ആന്റ് സഹകരണം പ്രോത്സാഹിപ്പിക്കുക

സംരംഭകർ, നിക്ഷേപകർ, വിദഗ്ദ്ധർ എന്നിവരുമായുള്ള നെറ്റ് വർക്കിങ്, സഹകരണം മുതലായവ സംരംഭ വിജയത്തിന് സഹായകരമാകും.

ഉദാ: പുതിയ സ്റ്റാർട്ടപ്പ് ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സംരംഭകരും, നിക്ഷേപകരും, വിദഗ്ദ്ധരും ഒരു ഓൺലൈൻ പ്ലാറ്റ് ഫോമിൽ ഒത്തുകൂടി പരസ്പരം ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും ധനാഗമ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും അവസരങ്ങൾ സൃഷ്ടിക്കും.

### സർക്കാരും എം. എസ്.എം.ഇ യും

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനത്തിന് വളരെയേറെ പ്രാധാന്യം നൽകുന്നു. എം. എസ്. എം. ഇ മേഖലയുടെ വികസനത്തിന് സർക്കാരുകൾ അനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇന്ത്യയുടെ ഗ്രാമീണ മേഖലയിൽ വളരെ കുറഞ്ഞ ചെലവിൽ വ്യവസായവത്കരണം സാധ്യമാക്കുന്നതിന് എം. എസ്. എം. ഇ മേഖല വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ആഗോള വ്യാപാരത്തിലും എം. എസ്. എം. ഇ യുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ എം. എസ്. എം. ഇ യുടെ സംഭാവന 33% (2019-20) ആണ്. ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിൽ ഈ മേഖലയുടെ സംഭാവന അതിവേഗം വളർന്നു കൊണ്ടിരിക്കുന്നു. 2028 -ൽ ഇന്ത്യയുടെ മൊത്തം കയറ്റുമതിയിൽ എ. എസ്. എം. ഇ യുടെ സംഭാവന 1 ട്രില്യൻ യു. എസ്. ഡോളറിൽ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു. 7.9 മില്യൻ രജിസ്റ്റേർഡ് എം. എസ്. എം. ഇ യുടെ അടിത്തറ ഇന്ത്യയ്ക്കുണ്ട്. 120 മില്യൻ തൊഴിലവസരങ്ങൾ ഈ മേഖല സൃഷ്ടിച്ചിട്ടുണ്ട്. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ ബഡ്ജറ്റിൽ എം. എസ്. എം. ഇ



മേഖലയുടെ വികസനത്തിന് നിരവധി പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സർക്കാർ പദ്ധതികളും എം. എസ്. എം. ഇ യും

എം. എസ്. എം. ഇ മേഖലയുടെ വികസനത്തിന് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ:-

### പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവത്കരണ പദ്ധതി (പി.എം.എഫ്.എം. ഇ)

ഇന്ത്യയിലെ ഉദിച്ചുയരുന്ന വ്യവസായമാണ് (Rising Industries) ഭക്ഷ്യ - സംസ്കരണ വ്യവസായം. ഇന്ത്യയിലെ ഭക്ഷ്യ സംസ്കരണ വ്യവസായം ഭൂരിഭാഗവും അസംഘടിത മേഖലയിലാണ്. ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗവും പരിമിതമായ യന്ത്രവത്കരണവും ഭക്ഷ്യ സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള ബോധമില്ലായ്മയും ബ്രാന്റിങ് നടത്തുന്നതിനും വിപണന- വിതരണ ശൃംഖല സമന്വയിപ്പിക്കുന്നതിനുള്ള വൈദഗ്ദ്ധ്യമില്ലായ്മയും മൂലധനത്തിന്റെ അപര്യാപ്തതയും ഭക്ഷ്യ സംസ്കരണ മേഖല നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികളാണ്. അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ ഭൂരിഭാഗവും ഗ്രാമീണ മേഖലയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഈ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് പ്രധാനമന്ത്രിയുടെ "ആത്മനിർഭർ ഭാരത്" പദ്ധതിയുടെ ഭാഗമായി "വോക്കൽ ഫോർ ലോക്കൽ" (Vocal for Local എന്നാശയത്തിലൂന്നി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം "പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ്" (പി. എം. എഫ്. എം. ഇ) എന്ന ഭക്ഷ്യ സംസ്കരണ പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്. അസംഘടിത മേഖലയിലുള്ള ഭക്ഷ്യ സംസ്കരണ സംരംഭങ്ങളെ സംഘടിത മേഖലയിലേക്ക് പരിവർത്തനം ചെയ്യുന്നതിനും അവയുടെ മത്സരശേഷിയും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോട് കൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. വ്യക്തിഗത സംരംഭങ്ങൾക്ക് പുറമേ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന പങ്കാളിത്ത സ്ഥാപനങ്ങൾ, കാർഷിക ഉൽപാദക സംഘടനകൾ (എഫ്. പി. ഒ), ഉൽപാദക സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയും ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്.


2020-21 മുതൽ 2024-25 വരെ അഞ്ചു വർഷത്തേയ്ക്ക് 10,000 കോടി രൂപയുടെ മൂലധന വിഹിതം ഈ പദ്ധതി വിഭാവന ചെയ്യുന്നു. ഈ പദ്ധതിയ്ക്ക് വേണ്ടിവരുന്ന ചെലവ് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ സംയുക്തമായി വഹിക്കുന്നതാണ്. 2,00,000 സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളെ വായ്പ ബന്ധിത സബ്സിഡി സഹായത്തോടെ സംഘടിത മേഖലയിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള പിന്തുണ പി. എം. എഫ്. എം. ഇ പദ്ധതി നൽകുന്നതാണ്.

### ഒരു ജില്ല ഒരു ഉൽപന്നം

**(One District One Product- ODOP)**

അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വാങ്ങൽ- വിൽപന ചെലവുകൾ കുറയ്ക്കുന്നതിന് സഹായകരമാകുന്ന ഘടകം എന്നിവ പരിഗണിച്ച് ഒരു ജില്ല ഒരു ഉൽപന്നം എന്ന ആശയം പി. എം. എഫ്. എം. ഇ പദ്ധതി മുന്നോട്ട് വയ്ക്കുന്നു. ഇതനുസരിച്ച് സംസ്ഥാന സർക്കാർ ഒരു ജില്ലയ്ക്ക് ഒരു ഉൽപന്നം കണ്ടെത്തി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഒരു ജില്ല ഒരു ഉൽപന്നം എന്ന ആശയത്തിന് മാത്രമല്ല മറ്റ് ഇതര ഭക്ഷ്യ- സംസ്കരണ സംരംഭങ്ങൾക്കും പി. എം. എഫ്. എം. ഇ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്.

**"ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗവും പരിമിതമായ യന്ത്രവത്കരണവും ഭക്ഷ്യ സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള ബോധമില്ലായ്മയും ബ്രാന്റിങ് നടത്തുന്നതിനും വിപണന- വിതരണ ശൃംഖല സമന്വയിപ്പിക്കുന്നതിനുള്ള വൈദഗ്ദ്ധ്യമില്ലായ്മയും മൂലധനത്തിന്റെ അപര്യാപ്തതയും ഭക്ഷ്യ സംസ്കരണ മേഖല നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികളാണ്.**



## പദ്ധതിയുടെ ഘടകങ്ങൾ

### I. പുതിയതും നിലവിലുള്ളതുമായ വ്യക്തിഗത സംരംഭങ്ങൾ (New individual enterprise and existing enterprise)

* അർഹമായ സ്ഥിര മൂലധനത്തിന്റെ 35% സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപാ വരെ ലഭിക്കുന്നതാണ്.
* 10% ഗുണഭോക്തൃ വിഹിതവും 90% ബാങ്ക് വായ്പയും
* പുതിയ സംരംഭങ്ങളാണെങ്കിൽ രജിസ്റ്റർ ചെയ്യാത്തതും തൊഴിലാളികളുടെ എണ്ണം 10-ൽ താഴെയുമായിരിക്കണം.
* ഒ. ഡി. ഒ. പി. സംരംഭങ്ങൾ/ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളായിരിക്കണം.
* സംരംഭങ്ങളുടെ ഉടമസ്ഥാവകാശം അപേക്ഷകനുണ്ടായിരിക്കണം.
* പ്രൊപ്രൈറ്റർ/ പങ്കാളിത്ത സ്ഥാപനങ്ങളായിരിക്കണം
* 18 വയസ്സ് പൂർത്തീകരിക്കണം.
* 8-ാം ക്ലാസ് ജയിക്കണം.
* ഒരു കുടുംബത്തിലെ ഒരംഗത്തിന് മാത്രം
* ഭൂമിയുടെ വില പ്രോജക്റ്റ് ചെലവിൽ ഉൾപ്പെടുത്താൻ പാടില്ല
* അർഹമായ സ്ഥിര മൂലധന ചെലവിന്റെ 30% വരെ കെട്ടിട ചെലവായി പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്. പരമാവധി 3 വർഷം വരെ പാട്ടത്തിനെടുത്ത വർക്ക് ഷെഡിന്റെ വിലയായി പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്.
* നിലവിലുള്ള സംരംഭങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന് തെളിവായി ഉദ്യം, പഞ്ചായത്ത് ലൈസൻസ്, നിലവിലുള്ള യന്ത്രസാമഗ്രികളുടെ വിവരങ്ങൾ, വൈദ്യുതി ബില്ല്, മുൻവർഷങ്ങളിലെ വ്യാപാര- ലാഭ നഷ്ട കണക്കുകൾ എന്നിവ കൂടി പരിഗണിക്കാവുന്നതാണ്.

## എങ്ങനെ അപേക്ഷിക്കാം?

സംസ്ഥാന വ്യവസായ വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന വ്യവസായ വകുപ്പ് പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസിയായി നിയമിച്ചിരിക്കുന്നത് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ- ബിപ്) ആണ്. ഈ പദ്ധതിപ്രകാരം ആനുകൂല്യം ആവശ്യമുള്ളവരെ കണ്ടെത്തുന്നതിന് ജില്ലാ വ്യവസായകേന്ദ്രം അപേക്ഷ ക്ഷണിക്കുന്നതാണ്. കൂടാതെ ഇതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുള്ള ജില്ലാതല റിസോഴ്സ് പേഴ്സണും അപേക്ഷകരെ കണ്ടെത്തുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകളിൻമേൽ ഫീൽഡ്തല പരിശോധന നടത്തി റിപ്പോർട്ട് ജില്ലാതല സമിതിയ്ക്ക് (ഡി. എൽ. സി) സമർപ്പിക്കുന്നു. ടി സമിതി റിപ്പോർട്ട് പരിശോധിച്ച് അതിന്റെ സാമ്പത്തികവും സാങ്കേതികവുമായ സ്വീകാര്യതയും വിലയിരുത്തി അംഗീകരിച്ച് അപേക്ഷകർ ആവശ്യപ്പെട്ടിട്ടുള്ള ബാങ്കിലേയ്ക്ക് അയയ്ക്കുന്നു. ഈ അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് നിശ്ചിത

സമയപരിധിക്കുള്ളിൽ വായ്പ അനുവദിക്കുന്നു. തികച്ചും ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം അപേക്ഷിക്കേണ്ടതാണ്.

ഒന്നാം ഘട്ടമായി ആനുകൂല്യങ്ങൾ ആവശ്യമുള്ളവർ www.mofpi.nic.in സന്ദർശിച്ച് പി. എം. എഫ്. എം. ഇ പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുന്നതിനും അപേക്ഷിക്കുന്നതിനുമുള്ള സഹായങ്ങൾ വ്യവസായ വകുപ്പ്/ റിസോഴ്സ് പേഴ്സണിൽ നിന്നും ലഭിക്കുന്നതാണ്.


### II. ഗ്രൂപ്പ് സംരംഭങ്ങൾ

### (എ) കർഷക ഉൽപാദക സംഘടനകൾ (Farmers producers organisation- FPO) & ഉൽപാദക സഹകരണ സംഘങ്ങൾ (Producers Co-operative Society)

* 35% വായ്പ ബന്ധിത മൂലധന സബ്സിഡി
* പരിശീലന സഹായം
* കുറഞ്ഞത് ഒരു കോടി രൂപ വരെ വിറ്റുവരവ്
* അർഹമായ സ്ഥിര മൂലധന ചെലവിന്റെ 10% ഗുണഭോക്തൃ വിഹിതം
* പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണി തുക സ്വന്തമായി കണ്ടെത്തണം.
* വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി. പി. ആർ) തയ്യാറാക്കി ധനകാര്യ സ്ഥാപനത്തിന്റെ അംഗീകാരത്തോടു കൂടി സ്റ്റേറ്റ് ലെവൽ ഏജൻസി/ ജില്ലാ തല ഏജൻസി എന്നിവർക്ക് സമർപിക്കണം.
* എസ്. എൽ. സി./ ഡി. എൽ. സി പ്രോജക്ടിന്റെ സ്വീകാര്യത പരിശോധിച്ച് ബാങ്കിന് സമർപിക്കണം.
* അപേക്ഷയുടെയും പ്രോജക്ടിന്റെ റിപ്പോർട്ടിന്റെയും എല്ലാ സൂചകങ്ങളും പരിശോധിച്ച് ബാങ്ക് വായ്പ അനുവദിക്കുന്നു.

### (ബി) സ്വയം സഹായ ഗ്രൂപ്പ് (എസ്. എച്ച്. ജി)

* സ്വയം സഹായ ഗ്രൂപ്പിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനും 40,000/– രൂപ പ്രാരംഭ മൂലധനം അനുവദിക്കുന്നു.
* സ്വയം സഹായ ഗ്രൂപ്പിന്റെ ഫെഡറേഷനായിരിക്കും പ്രാരംഭമൂലധനം ലഭ്യമാക്കുക
* സംസ്ഥാന നോഡൽ ഏജൻസി ഈ പ്രാരംഭ മൂലധനം ഫെഡറേഷന് ഗ്രാന്റായി നൽകുന്നു.
* ഫെഡറേഷൻ ഈ ഗ്രാന്റ് ഗ്രൂപ്പിലെ അംഗങ്ങൾക്ക്




തിരിച്ചയ്ക്കുന്ന വായ്പയായി നൽകുന്നു.

* ഭക്ഷ്യ സംസ്കരണം നടത്തുന്ന ഓരോ ഗ്രൂപ്പ് അംഗങ്ങൾക്കും 35% വായ്പ ബന്ധിത മൂലധന സബ്സിഡി പരമാവധി 10 ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്.
* സ്വയം സഹായ ഗ്രൂപ്പ് ഫെഡറേഷന് മൂലധന നിക്ഷേപത്തിനുള്ള പിന്തുണയ്ക്ക് 35% വായ്പ ബന്ധിത മൂലധന സബ്സിഡിയ്ക്ക് അർഹതയുണ്ട്.
* സ്ഥിര മൂലധന ചെലവിന്റെ 10% പ്രവർത്തന മൂലധനത്തിന്റെ 20% സ്വന്തമായി മുടക്കുന്നതിനുള്ള ശേഷി ഗ്രൂപ്പിനുണ്ടായിരിക്കണം.

### III. പൊതു അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സഹായം (Assistance to common facility Centre)

എഫ്. പി. ഒ, എസ്. എച്ച്. ജി. ഉൽപാദക സഹകരണ സംഘങ്ങൾ, സർക്കാർ ഏജൻസികൾ, സ്വകാര്യ സംരംഭങ്ങൾ എന്നിവർക്ക് പി. എം. എഫ്. എം. ഇ പദ്ധതിപ്രകാരം പൊതു അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് 35% വായ്പ ബന്ധിത മൂലധന സബ്സിഡിയോടു കൂടിയുള്ള സഹായം ലഭിക്കുന്നതാണ്. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന സൗകര്യങ്ങൾ മറ്റ് സൂക്ഷ്മ സംരംഭങ്ങൾക്കോ പൊതുജനങ്ങൾക്കോ ഉപയോഗപ്പെടുത്തുന്നതിന് വാടകയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഇതിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന നോഡൽ ഏജൻസിയ്ക്ക് സമർപ്പിക്കേണ്ടതാണ്. 10 ലക്ഷം രൂപയിൽ കൂടുതൽ ഗ്രാന്റ് ആവശ്യമുള്ള എല്ലാ പ്രൊപ്പോസലുകളും കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി അയയ്ക്കേണ്ടതാണ്. അനുമതി ലഭിക്കുന്ന പ്രൊപ്പോസലുകൾ ബന്ധപ്പെട്ട ബാങ്കിന്

**“ ഭക്ഷ്യ സംസ്കരണം നടത്തുന്ന ഓരോ ഗ്രൂപ്പ് അംഗങ്ങൾക്കും 35% വായ്പ ബന്ധിത മൂലധന സബ്സിഡി പരമാവധി 10 ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്. സ്ഥിര മൂലധന ചെലവിന്റെ 10% പ്രവർത്തന മൂലധനത്തിന്റെ 20% സ്വന്തമായി മുടക്കുന്നതിനുള്ള ശേഷി ഗ്രൂപ്പിനുണ്ടായിരിക്കണം.**

**ഭക്ഷ്യ സംസ്കരണ വ്യവസായം ഉയർന്ന വളർച്ചയും ഉയർന്ന ലാഭവും ആർജ്ജിക്കുന്ന മേഖല യാണ്. ധാരാളം മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുവാൻ കഴിയുന്നതു കൊണ്ടാണ് ഈ മേഖലയിൽ ഉയർന്ന വളർച്ചയും, ലാഭവും നേടാൻ സാദ്ധ്യമാകുന്നത്.**

അയച്ചു കൊടുക്കുന്നതാണ്.

### IV. ബ്രാന്റിങ്ങിനും വിപണനത്തിനുമുള്ള പിന്തുണ (Support to Branding and Marketing)

എഫ്. പി. ഒ, എസ്. എച്ച്. ജി., ഉൽപാദക സഹകരണ സംഘങ്ങൾ, സൂക്ഷ്മ സംരംഭങ്ങളുടെ എസ്. പി. വി. മുതലായവർക്ക് ബ്രാൻഡിങ്ങിനും വിപണനത്തിനുമുള്ള പിന്തുണ പി. എം. എഫ്. എം. ഇ പദ്ധതിപ്രകാരം ലഭിക്കുന്നതാണ്.

ഈ സഹായം ഒ. ഡി. ഒ. പി. യ്ക്ക് പരമിതപ്പെടുത്തിയിരിക്കുന്നു. ഉൽപന്നത്തിന്റെ ഏറ്റവും കുറഞ്ഞ വിൽപന 5 കോടി രൂപയായിരിക്കണം. എഫ്. പി. ഒ, എസ്. എച്ച്. ജി., സഹകരണ സംഘം, എസ്. പി. വി. എന്നിവർ അനേകം ഉൽപാദകർക്കു വേണ്ടി ഒരുമിച്ച് അപേക്ഷ നൽകണം. ഉൽപാദകരെ ഏകോപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുകളിൽ പ്രതിപാദിച്ച ഏജൻസികൾ നടത്തേണ്ട താണ്. ബ്രാൻഡിങ്ങിനും വിപണനത്തിനും വേണ്ടി സഹായത്തിന് അപേക്ഷിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് ആവശ്യമാണ്.

### ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ സാധ്യതകൾ

ഭക്ഷ്യ സംസ്കരണ വ്യവസായം ഉയർന്ന വളർച്ചയും ഉയർന്ന ലാഭവും ആർജ്ജിക്കുന്ന മേഖല യാണ്. ധാരാളം മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുവാൻ കഴിയുന്നതു കൊണ്ടാണ് ഈ മേഖലയിൽ ഉയർന്ന വളർച്ചയും, ലാഭവും നേടാൻ സാദ്ധ്യമാകുന്നത്. ഇന്ത്യയുടെ മൊത്തം ഭക്ഷ്യവിപ ണിയുടെ 32% ഇന്ത്യൻ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ സംഭാവനയാണ്. ഉൽപാദനം, ഉപഭോഗം, കയറ്റുമതി, പ്രതീക്ഷിത വളർച്ച എന്നിവ യാണ് ഇന്ത്യയെ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന് ലോകത്തിൽ 5-ാം സ്ഥാനം നേടാൻ കഴിഞ്ഞത്.

ഉൽപാദന - കാർഷിക മേഖലയിലേക്ക് ഭക്ഷ്യ-സംസ്കരണ വ്യവസായത്തിന്റെ കൂട്ടിച്ചേർക്കൽ മൂല്യം (value added) യഥാക്രമം 8.80% ഉം 8.39% ഉം





ആണ്. ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ 13% ഉം മൊത്ത വ്യവസായ നിക്ഷേപത്തിന്റെ 6% ഉം സംഭാവന ചെയ്യുന്നത് ഭക്ഷ്യ - സംസ്കരണ മേഖലയാണ്. ഇന്ത്യൻ ഭക്ഷ്യ വിപണിയുടെ സംയുക്ത വാർഷിക വളർച്ച നിരക്ക് 20% ആണ്.

## ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ പ്രാധാന്യം

1. കാർഷിക ഉൽപന്നങ്ങളുടെ ഉപയൊഗവും അതിൽ നിന്നും മൂല്യവർദ്ധതി ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിലൂടെ കർഷകരുടെ വരുമാനം വർദ്ധിക്കുന്നു.
2. സംഭരണം, ഗതാഗതം, സംസ്കരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലൂടെ ഭക്ഷ്യ സംസ്കരണത്തിന്റെ എല്ലാ ഘട്ടത്തിലുമുള്ള പാഴാക്കൽ കുറയ്ക്കുവാൻ കഴിയുന്നു.
3. ബാഹ്യവും ആഭ്യന്തരവുമായ ഉറവിടങ്ങളിൽ നിന്നും ഭക്ഷ്യ സംസ്കരണ മേഖലയിൽ ആധുനിക സാങ്കേതികവിദ്യ ഉൾപെടുത്താൻ കഴിയുന്നു.
4. ഭക്ഷ്യ ഉൽപന്നങ്ങൾ വികസിപ്പിക്കുതിനും പാക്കേജിങ്ങ് മെച്ചപ്പെടുത്തുന്നതിനും ഭക്ഷ്യ സംസ്കരണ മേഖലയിൽ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിയ്ക്കുന്നു.
5. കൃഷിയും ഉൽപാദന മേഖലയും തമ്മിൽ പരസ്പരം പൂരകങ്ങളായി പ്രവർത്തിക്കുന്നതിനാൽ ഈ മേഖലയിൽ പ്രത്യക്ഷവും പരോക്ഷവുമായ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.
6. വൈറ്റമിനും ധാതുക്കളും നഷ്ടപ്പെടാതെ ഭക്ഷ്യ സംസ്കരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഉയർന്ന നിലവാരം അത് ജനങ്ങളുടെ പോഷകാംശ കുറവ് പരിഹരിക്കുന്നതിന് സഹായിക്കുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഭക്ഷ്യ-സംസ്കരണ വ്യവസായത്തിന്റെ വളർച്ചയ്ക്ക് ധാരാളം നടപടികൾ സ്വീകരിച്ച് വരുന്നു. കേന്ദ്ര സർക്കാരിന്റെ ഇയർ ഓഫ് മില്ലറ്റ് (Year of Millet) കേരള സർക്കാരിന്റെ മൂല്യവർദ്ധിത മിഷൻ (VAM) എന്നീ പരിപാടികളിലൂടെ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ സുസ്ഥിരവും വളരെ വേഗത്തിലുള്ളതുമായ വളർച്ച ലക്ഷ്യം വയ്ക്കുന്നു. ■

***(സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)***

# വയനാട് ജനറൽ എഞ്ചിനീയറിംഗ് കൺസോർഷ്യം:

## നീണ്ട പത്തു വർഷത്തെ സ്വപ്ന സാക്ഷാത്ക്കാരം




**ഇരുളടഞ്ഞ** പാതിയിലൂടെ കല്ലും മുള്ളും ഏറെ തട്ടിയിട്ടും ഒരു കൈതാങ്ങുമില്ലാതെ ഇരുമ്പിനോടും തുരുമ്പിനോടും മല്ലു പിടിച്ച് തഴമ്പിച്ച കൈകളും തുരുമ്പിക്കാത്ത സ്വപ്നങ്ങളുമായി കണ്ണൂരിലെയും വയനാട്ടിലേയും 22 ചെറുപ്പക്കാർ 10 വർഷങ്ങൾ താണ്ടി വയനാട് എഞ്ചിനീയറിംഗ് കൺസോർഷ്യം എന്ന സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു.

വയനാട് ജില്ലയിലെ ജനറൽ എഞ്ചിനീയറിംഗ് പ്രോഡക്ട് ഉണ്ടാക്കുന്ന 22 സംരംഭകർ അവരുടെ മേഖലയിൽ അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ തരണം ചെയ്യുന്നതിനും കൂട്ടായ്മ ഉണ്ടാക്കുന്നതിനും പുതിയ ആശയങ്ങളെ കോർത്തിണക്കുന്നതിനുമായി ജനറൽ എഞ്ചിനീയറിംഗ് കൺസോർഷ്യം എന്ന ആശയത്തെ മുറുകെ പിടിച്ചു. വേണ്ടത്ര മാർഗനിർദ്ദേശങ്ങളോ കൈത്താങ്ങോ കിട്ടാതെ കൺസോർഷ്യം സ്ഥാപിക്കുന്നതിന് സുൽത്താൻ ബത്തേരി നഗരസഭയിൽ ഒരു ഏക്കർ ഭൂമി പൊന്നും വില കൊടുത്ത് വാങ്ങി കെട്ടിടവും പണിത് തുടർ നടപികളിലേയ്ക്ക് കടക്കുന്നതിനിടയ്ക്ക് ഭൂമി ഡബ്ല്യു. സി. എസ് (വയനാട് കൊളോണൈസേഷൻ സ്കീം) പട്ടയ ഭൂമിയിൽപെട്ടു കിടക്കുന്ന വിവരം വൈകി മനസ്സിലാക്കിയെങ്കിലും ഇത് ഈ സംരംഭകരെ തളർത്തിയില്ല. 33 ശതമാനം വനഭൂമിയും അതിലിരട്ടി തോട്ട ഭൂമിയും വിവിധ പട്ടയങ്ങളും പിന്നെ പരിസ്ഥിതി ലോല പ്രദേശവും കൂടിയായപ്പോൾ മനുഷ്യന് ചേക്കേറുന്നതിന് കൂടൊരുക്കുവാൻ ഇടംതേടി പായുമ്പോൾ ഈ ചെറുപ്പക്കാർ കൺസോർഷ്യം എന്ന സ്വപ്നം നട്ടുപിടിപ്പിക്കുവാൻ നിലം തേടി തീർത്തത് 10





വർഷമാണ്. അപ്പോഴേക്കും അവരുടെ തലകൾ നരവീണു തുടങ്ങിയെങ്കിലും ആശയം കൈവിട്ടതുമില്ല ആഗ്രഹം പടിയിറങ്ങിയതുമില്ല. ഒരു തുണ്ട് ഭൂമിക്കായുള്ള ഓട്ടം അവസാനിച്ചത് മേൽ വരികളിലെ നൂലാമാലകൾ എല്ലാം ചുറ്റിവരിഞ്ഞ നൂൽപ്പുഴ പഞ്ചായത്തിന്റെ 17 വാർഡുകളിൽ എങ്ങനെയോ മാറ്റി നിർത്തിയ രണ്ടു വാർഡുകളിൽ മൂലങ്കാവ് ഭാഗത്ത് കുറച്ച് ഭൂമിയിൽ വർക്ക്ഷെഡിനുള്ള തൂണു നാട്ടി പന്തൽ വിരിച്ചപ്പോഴാണ്. ഇവരുടെ വ്യഗ്രത കണ്ടറിഞ്ഞ നൂൽപ്പുഴ പഞ്ചായത്ത് യഥാർത്ഥത്തിൽ രണ്ടുകൈയും നീട്ടി ഈ ഫാക്ടറിയെ സ്വീകരിക്കുകയായിരുന്നു. ഇൻഡസ്ട്രിയൽ വർക്ക് ഷെഡിന്റെ മേൽക്കൂര വിരിയും മുമ്പേ "Wecon Welding Electrodes" എന്ന ഉത്പന്നം 2022 നവംബർ 21 ന് ബഹു. നിയമ – വ്യവസായ – കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ ബ്രാൻഡ് ലോഞ്ച് ചെയ്തത് അവരിൽ ആവേശം ഉണർത്തി.

2023 മാർച്ച് 27–ാം തീയതി രാവിലെ നൂൽപ്പുഴ പഞ്ചായത്ത് ഭരണസമിതി പണിതീർത്ത ഫാക്ടറി പ്രവർത്തനോദ്ഘാടനത്തിനായി സമൂഹത്തെ സാക്ഷിനിർത്തി തിരികൊളുത്തുമ്പോൾ യഥാർത്ഥ വയനാട് എഞ്ചിനീയറിംഗ് ക്ലസ്റ്റർ എന്ന MSMED ക്ലസ്റ്ററിന്റെ കൺസപ്റ്റ് നോട്ട് എഴുതി തുടങ്ങിയിരുന്നു. ഒപ്പം നിരവധി ചർച്ചകളും ഇതിനോടകം പൂർത്തീകരിച്ചിരുന്നു. അബ്രഹാം, ആന്റണി, ഗിരീഷ്, ഗോപകുമാർ തുടങ്ങിയ 22 സംരംഭകരാണ് ക്ലസ്റ്ററിന് ചുക്കാൻ പിടിക്കുന്നത്. അടുത്ത ദൗത്യത്തിലേക്ക് പടി കയറുവാൻ ശ്രമിക്കുമ്പോഴും അവരുടെ മുഖത്ത് നിറഞ്ഞ ചിരിയുണ്ടായിരുന്നുവെങ്കിലും അവരുടെ കണ്ണുകളിൽ കണ്ണീരിന്റെ നനവുണ്ടായിരുന്നു. ■

**ഇൻഡസ്ട്രിയൽ വർക്ക് ഷെഡിന്റെ മേൽക്കൂര വിരിയും മുമ്പേ "Wecon Welding Electrodes" എന്ന ഉത്പന്നം 2022 നവംബർ 21 ന് ബഹു. നിയമ – വ്യവസായ – കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ ബ്രാൻഡ് ലോഞ്ച് ചെയ്തത് അവരിൽ ആവേശം ഉണർത്തി.**

Volume 55 Issue 9
June 2023

# Vyavasaya Keralam
MONTHLY

₹ 30
Date of publication-
2nd June 2023


## വ്യവസായ വാണിജ്യ മേഖലയിലെ സ്പന്ദനങ്ങളറിയാൻ



### പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക
വ്യവസായ കേരളം

**എഡിറ്റർ**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 6238302158

Email: vyavasayakeralam@gmail.com

വാർഷിക വരിസംഖ്യ 300 രൂപ
ഒറ്റപ്രതി 30 രൂപ

VYAVASAYA KERALAM
വ്യവസായ കേരളം
സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം


Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174.

Editor : Baiju R.S.